**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**
**എഡ്യൂകെയർ സമഗ്ര പഠന പരിരക്ഷാ പദ്ധതി**

അക്കാദമിക സഹായം:
**ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം,**
**കോഴിക്കോട്(ഡയറ്റ്)**
District Institute of Education and Training (DIET), Kozhikode.

# എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള പഠനസഹായി - മാർച്ച് 2021
# Support Material for SSLC Students - March 2021

പ്രസിദ്ധീകരിച്ചത് : 2021 ജനുവരി

**ശ്രീമതി. വി.പി മിനി.**
വിദ്യാഭ്യാസ ഉപഡയരക്ടർ & കൺവീനർ, എഡ്യുകെയർ പദ്ധതി
**വി.വി പ്രേമരാജൻ**
പ്രിൻസിപ്പാൾ, ഡയറ്റ് കോഴിക്കോട്

---

**നിർമ്മാണ ചുമതല:**
സി.എം.ഡി.ഇ. വിഭാഗം ഡയറ്റ്
**അബ്ദുന്നാസർ. യു.കെ.** സീനിയർ ലക്ചറർ & കോഡിനേറ്റർ, എഡ്യുകെയർ പദ്ധതി
**പ്രബീഷ്. എം.** ലക്ചറർ, ഡയറ്റ്

**എഡിറ്റിംഗ് ചുമതല:**
**ഡോ. സി. ഭാമിനി,** സീനിയർ ലക്ചറർ
**എൻ. അബ്ദുറഹിമാൻ,** സീനിയർ ലക്ചറർ
**ഡോ. കെ.എസ്. വാസുദേവൻ,** സീനിയർ ലക്ചറർ
**കെ.പി പുഷ്പ,** സീനിയർ ലക്ചറർ
**ഡോ.ബാബു വർഗ്ഗീസ്,** സീനിയർ ലക്ചറർ
**ഡോ. അശോകൻ നൊച്ചാട്,** സീനിയർ ലക്ചറർ
**സാജു തോമസ്,** സീനിയർ ലക്ചറർ

വിഷയ ചുമതല:
**ഡോ. കെ.എം. സോഫിയ**
ലക്ചറർ ഡയറ്റ്

**വിഷയം: സാമൂഹ്യശാസ്ത്രം**

**ശില്പശാലയിൽ പങ്കെടുത്തവർ:**
**യു.സി. അബ്ദുൽ വാഹിദ്**
എസ്.ഐ.എച്ച്.എസ്.എസ്. ഉമ്മത്തൂർ
**അബ്ദുൾ റഷീദ് എം.പി.**
കെ.എം.എച്ച്.എസ്.എസ്. കോട്ടക്കൽ
**അബ്ദുൾ ഹമീദ് കെ.ടി.**
ഗവ. അച്ചുതൻ ഗേൾസ് എച്ച്.എസ്.എസ്. ചാലപ്പുറം
**രാധാകൃഷ്ണൻ കെ.**
കെ.കെ.എം.ജി.വി.എച്ച്.എസ്.എസ് ഓർക്കാട്ടേരി
**രാജീവൻ എ.പി.**
സാൻസ്കൃതം എച്ച്.എസ്.എസ് വട്ടോളി
**ജെറോം ഫെർണാണ്ടസ്**
ഗവ. ഗേൾസ് എച്ച്.എസ്.എസ് കൊയിലാണ്ടി
**അബ്ദുൾ സലാം ഇ.കെ.**
ജി.എച്ച്.എസ്.എസ് നീലേശ്വരം

---

ലേ ഔട്ട്, കവർ ഡിസൈനിംഗ് :
**മുഹമ്മദ് ബഷീർ കെ.എം.**
സേതു സീതാറാം എ.എൽ.പി.സ്കൂൾ , എലത്തൂർ.

കോപ്പികളുടെ എണ്ണം: 1000

ജില്ലാ പഞ്ചായത്ത്, കോഴിക്കോട്



പ്രിയപ്പെട്ട കുട്ടികളേ,

ഒരു അതിസൂക്ഷ്മ വൈറസ് സൃഷ്ടിച്ച ഭയാശങ്കകൾ നിറഞ്ഞ ദിനങ്ങളിലൂടെയാണ് ലോകമിപ്പോൾ ഇടറി നീങ്ങുന്നത്. വിദ്യാഭ്യാസം, വിനോദം, തൊഴിൽ, വ്യാപാരം തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളെയും പ്രതിസന്ധിയിലാക്കി കോവിഡ് 19. എന്നാൽ പ്രതിസന്ധികൾക്കു മുമ്പിൽ പകച്ചുനിൽക്കുന്നവരല്ല, മറിച്ച് അവയെ വിവേകപൂർവം അഭിമുഖീകരിക്കുന്നവരാണ് ചരിത്രം നിർമ്മിക്കുന്നതെന്ന യാഥാർത്ഥ്യം സാക്ഷ്യപ്പെടുത്തുകയാണ് കേരളമിപ്പോൾ.

ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസുകൾ സജീവമാണ്. സ്കൂൾ ദിനങ്ങൾ പതുക്കെ പൂർവസ്ഥിതി പ്രാപിക്കുക തന്നെ ചെയ്യും. എസ്.എസ്.എൽ.സി പരീക്ഷ വരുന്നു. ജീവിതം ക്രമേണ സാധാരണ നില കൈവരിയ്ക്കുന്നു. സഹവർത്തിത്വത്തിന്റെ ഗാഥകൾ പാടി നാം ഈ കോവിഡ് ഉയർത്തിയ പ്രതിസന്ധികളും മറികടക്കുകയാണ്.

2021 മാർച്ചിൽ നടക്കാനിരിക്കുന്ന എസ്.എസ്എൽ.സി പരീക്ഷക്കായി ഓരോ വിഷയത്തിനും ഊന്നൽ മേഖലകൾ (Focus Area) എസ്.സി.ഇ.ആർ.ടി നിജപ്പെടുത്തിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഊന്നൽ മേഖലകൾ അടിസ്ഥാനമാക്കി കോഴിക്കോട് ജില്ലാവിദ്യാഭ്യാസ മിഷൻ നിർദേശിച്ചതനുസരിച്ച് ജില്ലാ പഞ്ചായത്ത് 'എഡ്യുകെയർ' പദ്ധതിയിലുൾപ്പെടുത്തി കുട്ടികൾക്കായി പ്രത്യേക പഠന പിന്തുണാസാമഗ്രികൾ (Support Materials) അച്ചടിച്ചു നൽകുകയാണ്.

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിന്റെ (DIET) അക്കാദമിക പിന്തുണയോടെ തയ്യാറാക്കിയ ഈ പഠനസഹായികൾ കുട്ടികളിലേക്കെത്തിക്കുക മാത്രമല്ല അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ കോഴിക്കോട് ജില്ലയുടെ ഒരു തനതു മാതൃകയായി നമുക്കിത് വളർത്തിയെടുക്കാം.

കോവിഡ് സൃഷ്ടിച്ച പരിമിതികൾ മറികടന്ന് അഭിമാനകരമായ വിജയം കരസ്ഥമാക്കിയ കുട്ടികൾ എന്ന് 2020 - 21 എസ്. എസ് എൽ.സി ബാച്ചിനെ ചരിത്രം രേഖപ്പെടുത്തുക തന്നെ ചെയ്യും.

എല്ലാവർക്കും മികച്ച വിജയം ആശംസിക്കുന്നു.

കോഴിക്കോട്
12 - 01 - 2021

**കാനത്തിൽ ജമീല**
പ്രസിഡണ്ട്,
ജില്ലാ പഞ്ചായത്ത്, കോഴിക്കോട്



**ശ്രീമതി. വി.പി മിനി.**
വിദ്യാഭ്യാസ ഉപഡയരക്ടർ &
കൺവീനർ, എഡ്യുകെയർ പദ്ധതി



**വി.വി പ്രേമരാജൻ**
പ്രിൻസിപ്പാൾ
ഡയറ്റ് കോഴിക്കോട്

പ്രിയപ്പെട്ട കുട്ടികളേ,

2020-21 അധ്യയനവർഷം ഇതുവരെയുള്ള അധ്യയന വർഷങ്ങളിൽ നിന്നും തികച്ചും ഭിന്നമാണ്. സാധാരണപോലെ സ്കൂളിൽ പോയി സഹപാഠികളോടൊപ്പമിരുന്ന് അധ്യാപകരുടെ നേതൃത്വത്തിൽ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഈ വർഷം കുട്ടികൾക്കാർക്കും സാധിച്ചിട്ടില്ല. പകരം സംസ്ഥാനതലത്തിൽ സംപ്രേഷണം ചെയ്യുന്ന വീഡിയോ ക്ലാസുകൾ വീട്ടിലിരുന്ന് കാണുകയും അധ്യാപകരുടെ സഹായത്തോടെ പഠനം മുന്നോട്ടു പോവുകയുമായിരുന്നു ഇതുവരെ. ഇനി കുട്ടികൾക്ക് സംശയങ്ങൾ പരിഹരിക്കുന്നതിനും പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനുമുള്ള സമയമാണ്. എസ്എസ്എൽസി പൊതു പരീക്ഷാഫലം എല്ലാവരും ഉറ്റു നോക്കുന്നതിനാൽത്തന്നെ കുട്ടികൾ ആശങ്കാകുലരാണ്. ഈ സാഹചര്യത്തിൽ ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കുന്നതിന് അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. പരീക്ഷയ്ക്ക് പാഠഭാഗങ്ങൾ ഒന്നും ഒഴിവാക്കിയിട്ടില്ലെങ്കിലും കൂടുതൽ ശ്രദ്ധിക്കേണ്ട പാഠഭാഗങ്ങൾ എസ്.സി.ഇ.ആർ.ടി നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വിഷയവും ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് ആവശ്യമായ സവിശേഷമായ പഠനപ്രവർത്തനങ്ങളും അനുബന്ധ നിർദേശങ്ങളും കോഴിക്കോട് ഡയറ്റിന്റെ അക്കാദമിക നേതൃത്വത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ തയാറാക്കി നല്കുകയാണ്. വിദ്യാർത്ഥികൾ സ്കൂളിലെത്തുന്ന സാഹചര്യത്തിൽ അധ്യാപകരുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സംശയനിവാരണം നടത്താനും ഇവ ഫലപ്രദമായി ഉപയോഗിക്കുമല്ലോ.

എല്ലാവർക്കും വിജയാശസംകൾ

കോഴിക്കോട്
12 - 01 - 2021

# സാമൂഹ്യശാസ്ത്രം

## 2021 മാർച്ച് SSLC പരീക്ഷക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ

## യൂണിറ്റ് 1 - ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

- **അമേരിക്കൻ സ്വാതന്ത്ര്യസമരം**
- **ഫ്രഞ്ച് വിപ്ലവം**
- **റഷ്യൻ വിപ്ലവം**

**അമേരിക്കൻ സ്വാതന്ത്ര്യസമരം**

| | |
|---|---|
| 1.യൂറോപ്യന്മാരുടെ വടക്കേ അമേരിക്കയിലേക്കുള്ള കുടിയേറ്റം | 5 കോളനികൾ ഒന്നിച്ചുള്ള സമ്മേളനം |
| 2 വടക്കേ അമേരിക്കയുടെ കിഴക്കേ തീരത്തു 13 കോളനികളുടെ സ്ഥാപനം | 6.രാജാവിനുള്ള നിവേദനം |
| 3.മെർക്കന്റലിസ്റ്റ് നിയമങ്ങൾ | 7 ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധം |
| 4.ചിന്തകന്മാരുടെ സ്വാധീനം | 8.അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം |

**വടക്കെ അമേരിക്കയിലേക്ക് കുടിയേറിയ ഇംഗ്ളീഷുകാർ അമേരിക്കയിലെ 13 കോളനികളെ തങ്ങളുടെ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുവാനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായും കണക്കാക്കി .ഇതിൽ നിന്നും മോചനം നേടാനായി കോളനികളിൽ നടന്ന സമരയാണ് അമേരിക്കൻ സ്വാതന്ത്ര്യ സമരം എന്നറിയപ്പെടുന്നത് .**

**അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങൾ**

- ഇംഗ്ളീഷുകാരുടെ തെറ്റായ നികുതിനയം
- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ചിന്തകന്മാരുടെ സ്വാധീനം

**ഇംഗ്ളീഷുകാരുടെ തെറ്റായ നികുതിനയം**

- ഇംഗ്ളീഷുകാർ അമേരിക്കയിലെ 13 കോളനികളിൽ നിന്നും അവർക്ക് തോന്നിയതു പോലെ നികുതി പിരിച്ചെടുത്തു .
- കോളനികൾക്ക് ഭരണ പങ്കാളിത്തം ഉണ്ടായിരുന്നില്ല
  പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്നതായിരുന്നു അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന മുദ്രാവാക്യം
- ജെയിംസ് ഓട്ടിസ് ആയിരുന്നു ഈ മുദ്രാവാക്യം ആദ്യമായി ഉയർത്തിയത്

**മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

- മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്തോടെ കച്ചവടക്കാർ അമേരിക്കൻ

കോളനികളിൽ നടപ്പാക്കിയ കച്ചവട നയമായിരുന്ന മെർക്കന്റലിസ്റ്റ് നിയമങ്ങൾ .

**മെർക്കന്റലിസ്റ്റ് നിയമത്തിലെ പ്രധാന വ്യവസ്ഥകൾ**

| | |
|---|---|
| • കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ ആയിരിക്കണം .<br>• കോളനികളിൽ ഉൽപാദിപ്പിച്ചിരുന്ന പഞ്ചസാര , കമ്പിളി , പരുത്തി , പുകയില തുടങ്ങിയ ഉൽപ്പന്നങ്ങൾ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ | • കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ,വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം<br>• കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ സർവ ചെലവുകളും കോളനിക്കാർ നൽകേണ്ടതാണ്<br>• കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ്,എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം |

**ചിന്തകന്മാരുടെ സ്വാധീനം**

- ജെയിംസ് ഓട്ടിസ് - പ്രാതിനിധ്യമില്ലാതെ നികുതിയില്ല
- ജോൺ ലോക്ക് - മനുഷ്യന് മൗലികമായ ചില അവകാശങ്ങളുണ്ട് .അതിനെ ഹനിക്കുവാൻ ഒരു ഗവൺമെന്റിനും അവകാശമില്ല
- തോമസ് പെയിൻ - ഏതെങ്കിലും വിദേശശക്തിക്ക് ഈ വൻകരയെ ദീർഘകാലം കീഴടക്കിക്കഴിയാമെന്നത് യുക്തിക്ക് നിരക്കുന്നതല്ല

**1773** ഡിസംബർ **16** ന് ബോസ്റ്റൺ ടീ പാർട്ടിയോടുകൂടി അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് തുടക്കമായി

ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സ്

- 1774 ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു
- ജോർജിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു .
- വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ എടുത്തുകളയുക., തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്താതിരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി

രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സ്

- 1775 ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു
- ജോർജ് വാഷിങ്ടനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു
- തോമസ് പെയിൻ തന്റെ കോമൺ സെൻസ് എന്ന ലഘുലേഖയിലൂടെ അമേരിക്ക ഇംഗ്ലണ്ടിൽ നിന്നും വേർപിരിയുകയാണെന്നു പ്രഖ്യാപിച്ചു

### അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം

**1776** ജൂലായ് **4** ന മൂന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സിൽ ലോകപ്രശസ്തമായ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി .

**തോമസ് ജെഫേഴ്സൻ ,ബെഞ്ചമിൻ ഫ്രാങ്ക്ളിൻ** എന്നിവരാണ് സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കിയത്

**സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെ ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിലാരംഭിച്ച യുദ്ധം 1781 ൽ അവസാനിച്ചു**

**13 കോളനികൾ സ്വതന്ത്രമാവുന്നു**

**1783** ലെ പാരീസ് ഉടമ്പടിയിലൂടെ **13** അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം ഇംഗ്ലണ്ട് അംഗീകരിച്ചു **.**

- ജെയിംസ് മാഡിസന്റെ നേതൃത്വത്തിൽ അമേരിക്കയ്ക്ക് പുതിയ ഭരണഘടന തയ്യാറാക്കി .
- അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡണ്ടായി ജോർജ് വാഷിംഗ്ടൺ തെരഞ്ഞെടുക്കപ്പെട്ടു .

**അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം**

- പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനം നൽകി.
- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി .
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം ലോകത്തിനു സംഭാവന നൽകി .
- ലോകത്തിലെ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ ഭരണരീതി എന്ന ആശയം ലോകത്തിനു നൽകി.
- **മാതൃകാ ചോദ്യങ്ങൾ**

(1)മെർക്കൻ്റലിസ്റ്റ് നിയമങ്ങളെപ്പറ്റി കുറിപ്പെഴുതുക. (4)

(2) ചേരുംപടി ചേർക്കുക (4)

| A | B |
|---|---|
| 1775 | അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം |
| ജോൺലോക്ക് | ജോർജ് വാഷിംഗ്ടണെ സൈനിക തലവനായി തെരഞ്ഞെടുത്തു |
| തോമസ് പെയിൻ | ജോർജ് രാജാവിന് നിവേദനം നൽകി. |
| 1776 | മനുഷ്യന് ചില മൗലികാവകാശങ്ങൾ ഉണ്ട് |
| 1774 | ഏതെങ്കിലും ഒരു വിദേശശക്തിക്ക് ഒരു വൻകര അധികകാലം ഭരിക്കാൻ കഴിയില്ല |

(3 ) മനുഷ്യാവകാശ പ്രഖ്യാപനത്തിലെ പ്രധാന അവകാശങ്ങൾ ഏവ? (3)

(4)13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചത് ഏത് ഉടമ്പടി പ്രകാരമാണ് (1)

(5) ഇംഗ്ലണ്ടും അമേരിക്കൻ കോളനിയും തമ്മിലുള്ള യുദ്ധം അവസാനിച്ചത് എപ്പോൾ. (1)

(6) അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ ഫലമെന്ത്? (4)

(7) അമേരിക്കൻ കോളനികളിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യം എന്തായിരുന്നു ?

ഈ മുദ്രാവാക്യത്തിന് രൂപം നൽകിയതാര് ? (2)

(8) അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് ഇടയാക്കിയ സാഹചര്യം താഴെ പറയുന്ന സൂചനകൾ അടിസ്ഥാനമാക്കി വിവരിക്കുക

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- കോണ്ടിനെന്റൽ കോൺഗ്രസ്സ് (6)

# <u>ഫ്രഞ്ച് വിപ്ലവം</u>

## <u>വിപ്ലവത്തിന്റെ കാരണങ്ങൾ</u>

- രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതവും
- ഫ്രാൻസിൽ നിലനിന്നിരുന്ന സാമ്പത്തിക അസമത്വം
- ചിന്തകന്മാരുടെ സ്വാധീനം

| പ്രധാന മുദ്രാവാക്യം - സ്വാതന്ത്ര്യം ,സമത്വം , സാഹോദര്യം |
|---|

**രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതം**

| ലൂയി പതിനാലാമൻ | ലൂയി പതിനഞ്ചാമൻ | മേരി അന്റോയിനെറ്റ് |
|---|---|---|
| • ഞാനാണ് രാഷ്ട്രം<br>• രാജാവിന്റെ അധികാരം ദൈവം നൽകിയതാണ്<br>• രാജാവിനെ ചോദ്യം ചെയ്യാൻ ദൈവത്തിന് മാത്രമേ അധികാരമുള്ളൂ | • എനിക്കു ശേഷം പ്രളയം | • നിങ്ങൾക്ക് റൊട്ടി ഇല്ലെങ്കിലെന്താ കേക്ക് തിന്നുകൂടെ |

- ഏകാധിപത്യ ഭരണമായിരുന്നു ഫ്രാൻസിൽ നിലനിന്നിരുന്നത്
- ഫ്രഞ്ച് ഭരണാധികാരികൾ ധൂർത്തന്മാരായിരുന്നു
- ഫ്രഞ്ച് ജനതയിൽ ഭൂരിഭാഗവും ദുരിതത്തിലും പട്ടിണിയിലുമായിരുന്നു
- ഫ്രാൻസിൽ സാമൂഹിക സാമ്പത്തിക അസമത്വം നിലനിന്നിരുന്നു
- ഫ്രഞ്ച് സമൂഹത്തെ മൂന്നു തട്ടുകളായി തിരിച്ചിരുന്നു (എസ്റ്റേറ്റുകൾ -ഒന്നാം എസ്റ്റേറ്റ് ,രണ്ടാം എസ്റ്റേറ്റ് ,മൂന്നാം എസ്റ്റേറ്റ് )
- ഫ്രാൻസിലെ ദുരിതത്തിൽ കഴിഞ്ഞിരുന്ന ജനതയെ പ്രചോദിപ്പിച്ച ചിന്തകന്മാരായിരുന്നു റൂസ്സോ ,വോൾട്ടയർ.മോണ്ടെസ്ക്യൂ എന്നിവർ

## ഫ്രഞ്ച്സമൂഹം

### ഒന്നാമത്തെ എസ്റ്റേറ്റ്

**പുരോഹിതന്മാർ**

- ധാരാളം ഭൂപ്രദേശം കൈവശം വച്ചു.
- കർഷകരിൽനിന്നു 'തിഥെ' എന്ന പേരിലുള്ള നികുതി പിരിച്ചു.
- എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു.
- ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

### രണ്ടാമത്തെ എസ്റ്റേറ്റ്

**പ്രഭുക്കന്മാർ**

- സൈനികസേവനം നടത്തി.
- കർഷകരിൽനിന്ന് പലതരം നികുതികൾ പിരിച്ചു.
- വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.
- നികുതികളിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.
- ആഡംബരജീവിതം നയിച്ചു.
- വിശാലമായ ഭൂപ്രദേശം കൈവശം വച്ചു.

### മൂന്നാമത്തെ എസ്റ്റേറ്റ്

**കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ബാങ്കർമാർ എന്നിവരടങ്ങിയ മധ്യവർഗം. കർഷകർ, കൈത്തൊഴിലുകാർ**

- ഭരണത്തിൽ ഒരവകാശവുമില്ല.
- തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.
- താഴ്ന്ന സാമൂഹികപദവി
- പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം.

### വോൾട്ടയർ



- പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

### റൂസ്സോ



- സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.

### മൊണ്ടെസ്ക്യൂ



- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

## ഫ്രാൻസ് വിപ്ലവത്തിന് തയ്യാറാവുന്നു

- രാജാക്കന്മാരുടെയും ഒന്നും രണ്ടും എസ്റ്റേറ്റുകാരുടെയും ആഡംബരവും ധൂർത്തും ഫ്രാൻസിനെ സാമ്പത്തികമായി തകർത്തു
- അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിൽ കോളനികളെ സഹായിച്ചതും ഫ്രാൻസിന്റെ സാമ്പത്തിക നില വഷളാക്കി .
- സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷപെടാൻ പുതിയ നികുതികൾ ചുമത്തുന്നതിനായി 1789 ൽ ലൂയി പതിനാറാമൻ ചക്രവർത്തി സ്റ്റേറ്റ്സ് ജനറൽ(ജനപ്രതിനിധിസഭ )വിളിച്ചു ചേർത്തു .
- സ്റ്റേറ്റ്സ് ജനറലിലും മൂന്ന് എസ്റ്റേറ്റുകൾ ഉണ്ടായിരുന്നു .
- ഓരോ എസ്റ്റേറ്റിനും ഒരു വോട്ട് മതിയെന്ന് ഒന്നും രണ്ടും എസ്റ്റേറ്റുകാർ വാദിച്ചു .
- ഓരോ അംഗത്തിനും ഒരു വോട്ട് വേണമെന്ന് മൂന്നാം എസ്റ്റേറ്റുകാർ (കോമൺസ്) ആവശ്യപ്പെട്ടു
- വോട്ട് ചെയ്യുന്നതിലെ തർക്കം തുടരവേ മൂന്നാം എസ്റ്റേറ്റുകാർ ഫ്രാൻസിലെ ദേശീയ അസംബ്ലി തങ്ങൾ ആണെന്ന് പ്രഖ്യാപിച്ചു .
- അടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കുമെന്നു അവർ പ്രതിജ്ഞ ചെയ്തു (ടെന്നീസ് കോർട്ട് പ്രതിജ്ഞ )
- 1789 ജൂലായ് 14 ന ബാസ്റ്റിൽ ജയിൽ തകർത്തത് കൊണ്ട് വിപ്ലവത്തിന് ആരംഭം കുറിച്ചു.

---

### ഫ്രഞ്ച് വിപ്ലവം ആരംഭിച്ചതു മുതലുള്ള സംഭവങ്ങളുടെ ചാർട്ട്

**1789 ജൂലൈ 14** സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം (Liberty, Equality and Fraternity) എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് വിപ്ലവകാരികൾ ബൂർബൻ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തു. ഇതിനെ ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കുന്നു.

↓

**1789 ആഗസ്റ്റ് 12** ദേശീയ അസംബ്ലി മനുഷ്യാവകാശപ്രഖ്യാപനം പാസാക്കി.

↓

**1789 ഒക്ടോബർ** പാരിസ് നഗരത്തിലെ ആയിരക്കണക്കിനു സ്ത്രീകൾ 'ഭക്ഷണം വേണം' എന്ന മുദ്രാവാക്യവുമായി വെഴ്സായ് കൊട്ടാരത്തിലേക്കു പ്രകടനം നടത്തി.

↓

**1792 സെപ്തംബർ** പുതുതായി രൂപീകരിച്ച ഭരണഘടനയനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

### ഫ്രഞ്ച് വിപ്ലവത്തിന്റെഫലങ്ങൾ / സ്വാധീനം

- സ്വാതന്ത്ര്യം ,സമത്വം , സാഹോദര്യം എന്ന ആശയത്തിന്റെ പ്രചരണം
- പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാവിപ്ലവങ്ങൾക്കും ആവേശം പകർന്നു
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം കുറിക്കുകയും സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്കു ഭീഷണിയാകുകയും ചെയ്തു
- രാജ്യമെന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്ന് പ്രഖ്യാപിച്ചു
- ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി
- ദേശീയതയുടെ ആവിർഭാവത്തിനു വഴിയൊരുക്കി
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു

## നെപ്പോളിയൻ ഫ്രാൻസിൽ അധികാരത്തിൽ

ഫ്രഞ്ച് വിപ്ലവ വ്യാപനത്തിനു തടയിടാൻ ബ്രിട്ടന്റെ നേതൃത്വത്തിൽ സഖ്യം രൂപീകരിച്ചു .

ബ്രിട്ടന്റെ സഖ്യത്തെ നെപ്പോളിയൻ പരാജയപ്പെടുത്തി .

1799 നെപ്പോളിയൻ ഫ്രാൻസിൽ അധികാരത്തിൽ വന്നു .

അദ്ദേഹം ഏകാധിപതി ആയിരുന്നുവെങ്കിലും ഫ്രഞ്ച് വിപ്ലവം മുന്നോട്ടു വച്ച ആശയങ്ങളും ലക്ഷ്യങ്ങളും പ്രയോഗവൽക്കരിച്ചു .

1815 ൽ നടന്ന വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയന് അധികാരം നഷ്ടപ്പെട്ടു.

## നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ

| | |
|---|---|
| കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി | ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു |
| പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു | പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി |
| നിരവധി റോഡുകൾ നിർമ്മിച്ചു | നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ചു പുതിയ നിയമസംഹിത ഉണ്ടാക്കി |

## മാതൃകാ ചോദ്യങ്ങൾ

1. ചേരുംപടി ചേർക്കുക 4

| A | B |
|---|---|
| ലൂയി 14 | വേഴ്സായി കൊട്ടാരം |
| ഫ്രാൻസ് | എനിക്കു ശേഷം പ്രളയം |
| മേരി ആൻറോയിനറ്റ് | ഞാനാണ് രാഷ്ട്രം |
| ലൂയി 15 | റൊട്ടിയില്ലെങ്കിലെന്താ കേക്ക് തിന്നു കൂടെ |

7. ഫ്രഞ്ച് സമൂഹത്തെപ്പറ്റി ഒരു കുറിപ്പെഴുതുക 3

8. ചേരുംപടി ചേർക്കുക 4

| കോളം **A** | കോളം **B** |
|---|---|
| വോൾട്ടയർ | സർവ്വവിജ്ഞാനകോശം തയ്യാറാക്കി |
| റൂസ്സോ | മധ്യവർഗ്ഗത്തിൻറെ താൽപര്യത്തിന് പ്രാധാന്യം നൽകി |
| മൊണ്ടസ്ക്യൂ | ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം നീതിന്യായ നിർവ്വഹണം എന്നിങ്ങനെ തരം തിരിച്ചു |
| ഫിലോസഫുകൾ | പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു |

9.ടെന്നീസ് കോർട്ട്  പ്രതിജ്ഞഎടുക്കാനുള്ള സാഹചര്യം വ്യക്തമാക്കുക?          3 10.ടെന്നീസ് കോർട്ട്  പ്രതിജ്ഞയ്ക്കു ശേഷമുളള സംഭവങ്ങൾ പട്ടികപ്പെടുത്തുക ?          4

11.ഫ്രഞ്ച് വിപ്ളവത്തിന്റെ ഫലങ്ങൾ ഏവ? 4

12.നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ ഏവ ? 4

13. അവസാനമായി നെപ്പോളിയനെ പരാജപ്പെടുത്തിയ യുദ്ധം 1

14.തന്നിട്ടുള്ള സൂചന പ്രകാരം ഫ്രഞ്ച് വിപ്ലവത്തിന് ഇടയാക്കിയ സാഹചര്യം വിലയിരുത്തുക

- ഫ്രഞ്ച് സമൂഹം
- ചിന്തകന്മാരും ആശയങ്ങളും 6

## <u>റഷ്യൻ വിപ്ലവം - 1917</u>

### <u>പ്രധാന ആശയങ്ങൾ :</u>

### വിപ്ലവത്തിന്റെ കാരണങ്ങൾ

| | |
|---|---|
| • റഷ്യൻ ചക്രവർത്തിമാരുടെ (സാർ) ഏകാധിപത്യം | • വ്യവസായങ്ങളിലെ വൈദേശിക ആധിപത്യം |
| • സാമൂഹിക അസമത്വം , | • ചിന്തകന്മാരുടെ സ്വാധീനം |
| • കാർഷികമേഖലയിലെ തകർച്ച | • റഷ്യ-ജപ്പാൻ യുദ്ധം(1905) |
| • രക്തരൂഷിതമായ ഞായറാഴ്ച (1905 January 9) | • ഡ്യൂമയുടെ രൂപീകരണം |
| • ഒന്നാം ലോക മഹായുദ്ധത്തിൽ സൈനികർക്കുണ്ടായ ദുരിതങ്ങൾ | • ഭക്ഷ്യക്ഷാമം<br>• |
| • തൊഴിലാളി സംഘടനകളുടെ രൂപീകരണം | • ഫാക്ടറി തൊഴിലാളികളുടെ ദുരിതപൂർണമായ ജീവിതം |

- ➢ റഷ്യ ഭരിച്ചിരുന്ന സാർ ചക്രത്തിമാരുടെ ഏകാധിപത്യത്തിനു കീഴിൽ കർഷകരും ഫാക്ടറി തൊഴിലാളികളും ദുരിത പൂർണമായ ജീവിതമാണ് നയിച്ചിരുന്നത്
- ➢ 1905 ൽ നടന്ന റഷ്യ ജപ്പാൻ യുദ്ധത്തിൽ റഷ്യക്ക് ഏറ്റ പരാജയം രാജ്യ ശക്തിയിൽ അവമതിപ്പുണ്ടാക്കി .
- ➢ തൊഴിലാളി സമരം ശക്തമായപ്പോൾ ഡ്യൂമ എന്ന നിയമ നിർമ്മാണസഭ രൂപീകരിക്കേണ്ടിവന്നു
- ➢ ഡ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ ഒന്നാം ലോക യുദ്ധത്തിൽ പങ്കെടുത്തു .
- ➢ ഈ യുദ്ധത്തിൽ അനേകം സൈനികർ കൊല്ലപ്പെട്ടു .
- ➢ തൊഴിലാളികളുടെയും കർഷകരുടെയും ജീവിതം ദുരിത പൂർണ്ണമായിരുന്നു
- ➢ ഇവർക്ക് കുറഞ്ഞ വേതനമാണ് ലഭിച്ചിരുന്നത്
- ➢ കാർഷികമേഖലയിലെ ഉല്പാദനക്കുറവ് കർഷകരുടെ വരുമാനത്തെ ബാധിച്ചു .
- ➢ ഭൂരഹിതരായ കർഷകർ നികുതിഭാരം കൊണ്ടു പൊറുതിമുട്ടി
- ➢ രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത് 1905 ജനുവരി 9 നു പ്രകടനം നടത്തി .
- ➢ പ്രകടനത്തിനു നേരെ പട്ടാളം വെടിവെച്ചപ്പോൾ നൂറുക്കണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ടു (ഈ സംഭവം രക്തരൂക്ഷിതമായ ഞായറാഴ്ച എന്നാണ് അറിയപ്പെടുന്നത് )

- തൊഴിലാളികളുടെ സംഘങ്ങൾ റഷ്യയിലെമ്പാടും സോവിയറ്റുകൾ എന്ന പേരിൽ രൂപീകരിക്കപ്പെട്ടു
- ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായപ്പോൾ 1917 മാർച്ച് 8 നു ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി തെരുവിലിറങ്ങി
- തൊഴിലാളികളും പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയുണ്ടായി
- മാക്സിം ഗോർക്കി ,ലിയോ ടോൾസ്റ്റോയ് ,ഇവാൻ തുർഗനേവ് ,ആന്റൺ ചെക്കോവ് കാൾ മാർക്സ് ഫ്രഡറിക് എംഗൽസ് തുടങ്ങിയ ചിന്തകരുടെ സ്വാധീനം വിപ്ലവത്തിന് ആവേശം പകർന്നു

| |
|---|
| തൊഴിലാളി സംഘടന - സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി<br>**ഈ സംഘടന പിന്നീട് രണ്ടായി പിരിഞ്ഞു** |

| മെൻഷെവിക്കുകൾ (ന്യൂനപക്ഷം ) | ബോൾഷെവിക്കുകൾ(ഭൂരിപക്ഷം ) |
|---|---|
| • അലക്സാണ്ടർ കെരൻസ്കി | • ബോൾഷെവിക്കുകൾക്ക് നേതൃത്വം നൽകിയവർ ലെനിൻ, ട്രോട്സ്കി |
| • മെൻഷെവിക്ക് വിപ്ലവം (1917 -ഫെബ്രുവരി വിപ്ലവം ) | • ബോൾഷെവിക്ക് വിപ്ലവം (ഒക്ടോബർ വിപ്ലവം |
| • സോവിയറ്റുകൾ എന്നറിയപ്പെടുന്ന തൊഴിലാളിൽ സംഘങ്ങൾ റഷ്യയിലെമ്പാടും സമരങ്ങൾ ആരംഭിച്ചു .<br>• പെട്രോഗ്രാഡ് പട്ടണത്തിലെ തൊഴിലാളികളുടെ പ്രതിഷേധ പ്രകടനത്തിൽ സൈനികരും ഒപ്പം ചേർന്നു<br>• പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു .<br>• നിക്കോളാസ് രണ്ടാമൻ ചക്രവർത്തി സ്ഥാനമൊഴിഞ്ഞു<br>• റഷ്യയിൽ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വന്നു .<br>• റഷ്യൻ കലണ്ടർ അന്താരാഷ്ട്ര കലണ്ടറിനേക്കാൾ പിറകിലായതിനാലാണ് മാർച്ചിൽ നടന്ന വിപ്ലവം ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നത് | • ഫെബ്രുവരി വിപ്ലവത്തിലൂടെ അധികാരത്തിൽ വന്ന താത്കാലിക ഗവൺമെന്റിനെ സോവിയറ്റുകളിൽ ഒരു വിഭാഗം അംഗീകരിച്ചില്ല .<br>• ലെനിനും താത്കാലിക ഗവൺമെന്റിനെ ശക്തമായി എതിർത്തു .<br>• അധികാരം മുഴുവൻ സോവിയറ്റുകൾക്ക് കൈമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു .<br>• അസമത്വം ഇല്ലാതാക്കാൻ തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിക്കണമെന്ന ആവശ്യം മുന്നോട്ടു വെച്ചു .<br>• അതോടൊപ്പം ഒന്നാം ലോക യുദ്ധത്തിൽ നിന്നും റഷ്യ പിന്മാറുക<br>• ജന്മിത്വം ഇല്ലാതാക്കുക<br>• ഫാക്ടറികൾ ജനങ്ങളുടെ പൊതുസ്വത്താക്കി മാറ്റുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു .<br>• 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ സായുധ കലാപം ആരംഭിച്ചപ്പോൾ കെറൻസ്കി നാടുവിട്ടു .<br>• ബോൾഷെവിക്കുകൾ അധികാരമേറ്റു .<br>• ഈ സംഭവം ഒക്ടോബർ വിപ്ലവം (റഷ്യൻ കലണ്ടർ പ്രകാരം )എന്നറിയപ്പെടുന്നു .<br>• ലെനിൻ അധ്യക്ഷനായ ഒരു കാബിനറ്റിന് രൂപം നൽകി . |

## റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ

- ഒന്നാം ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിൻമാറി
- ഭൂമി പിടിച്ചെടുത്തു കർഷകർക്ക് വിതരണം ചെയ്തു
- പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി
- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി .
- സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ രൂപീകരിച്ചു
- 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു

# റഷ്യൻ വിപ്ലവം

## മാതൃകാ ചോദ്യങ്ങൾ

1. മാക്സിംഗോർക്കിയുടെ ലോക പ്രസിദ്ധമായ നോവൽ? 1
2. റഷ്യൻ സമൂഹം സാർ ചക്രവർത്തിമാർക്കെതിരെ തിരിയാനുള്ള കാരണങ്ങൾ ഏവ? 1
3. കാൾ മാക്സിൻറെയും എംഗൽസിന്റെയും ആശയങ്ങൾ റഷ്യൻ വിപ്ലവത്തെ എത്രമാത്രം സ്വാധീനിച്ചു? 3
4. രക്തരൂഷിതമായ ഞായറാഴ്ചയ്ക്ക് ഇടയാക്കിയ സംഭവം എന്ത്? 3
5. മെൻഷെവിക്കുകൾ,ബോൾഷെവിക്കുകൾ എന്നീ ഗ്രൂപ്പുകളുടെ പ്രവർത്തനം താരതമ്യം ചെയ്യുക ? 4
6. ഒന്നാം ലോകമഹാ യുദ്ധകാലത്ത് ബോൾഷെവിക്കുകൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു? 3
7. ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം എന്നിവയുമായി ബന്ധപ്പെട്ട സംഭവങ്ങൾ പട്ടികപ്പെടുത്തുക ? 4
8. ഒക്ടോബർ വിപ്ലവത്തിൻറെ ഫലങ്ങൾ ഏവ? 4
9. റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിശദമാക്കുക 6
10. ഫെബ്രുവരി വിപ്ലവവും ഒക്ടോബർ വിപ്ലവവും സോവിയറ്റു യൂണിയന്റെ രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം വിലയിരുത്തുക 6

# UNIT- 6 : സമരവും സ്വാതന്ത്ര്യവും

## ഊന്നൽ മേഖലയിലെ പ്രധാന ആശയങ്ങൾ

- ഗാന്ധിജിയുടെ ആദ്യകാലസമരങ്ങൾ
- നിസ്സഹകരണ സമരവും ഖിലാഫത് പ്രസ്ഥാനവും
- പൂർണസ്വരാജും സിവിൽ നിയമലംഘനവും
- ബ്രിട്ടീഷുകാർ ഇന്ത്യ വിടുക
- സുഭാഷ് ചന്ദ്രബോസ്

## ഗാന്ധിജിയുടെ ആദ്യകാലസമരങ്ങൾ

- ചമ്പാരൻ നീലം കർഷകരുടെ സമരം -1917 -ബീഹാർ
- നീലം കർഷകർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കാൻ മുതലാളിമാർ തയ്യാറായി
- അഹമ്മദാബാദിലെ തുണിമിൽ സമരം - 1918 -ഗുജറാത്ത്
- പ്ലേഗ് ബോണസുമായി ബന്ധപ്പെട്ട സമരത്തിൽ ഗാന്ധിജി ഇടപെടുകയും ശമ്പളവർധനവ് നേടിക്കൊടുക്കുകയും ചെയ്തു
- ഖേടയിലെ കർഷക സമരം - 1918 - ഗുജറാത്ത്
- വരൾച്ചയും കൃഷിനാശവും സംഭവിച്ച കർഷകർക്ക് നികുതിയിളവ് നേടിക്കൊടുക്കുവാൻ ഗാന്ധിജിക്ക് കഴിഞ്ഞു

## ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലം :-

ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു

- ദേശീയപ്രസ്ഥാനം വിദ്യാസമ്പന്നരിൽ നിന്ന് സാധാരണക്കാരിലെത്തി
- പട്ടണങ്ങളിൽ മാത്രം ഒതുങ്ങി നിന്ന ദേശീയ പ്രസ്ഥാനം ഗ്രാമങ്ങളിൽ എത്തി
- ഗാന്ധിജി ഒരു ദേശീയ നേതാവായി

## നിസ്സഹകരണ പ്രസ്ഥാനം - 1920

- വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക
- വിദ്യാർഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
- നികുതി നൽകാതിരിക്കുക
- തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
- ബ്രിട്ടീഷ് പുരസ്ക്കാരങ്ങൾ തിരികെ നൽകുക

## നിസ്സഹകരണ പ്രസ്ഥാനം ഒരു നിർമ്മാണപ്രവർത്തനം കൂടിയായിരുന്നു

- ചർക്കയിൽ നിന്ന് ഖാദി വസ്ത്രങ്ങൾ നെയ്തെടുത്തു
- ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു
- കാശി വിദ്യാപീഠം -ഗുജറാത്ത് വിദ്യാപീഠം - ജാമിയ മില്ലിയ
- ഇംഗ്ലീഷ് ഭാഷക്ക് പകരം ഹിന്ദി ഭാഷ പ്രചരിപ്പിച്ചു
- അയിത്തോച്ചാടനപ്രവർത്തനങ്ങൾ നടന്നു

## ഗാന്ധിജിയും ഖിലാഫത്ത് പ്രസ്ഥാനവും

- നിസ്സഹകരണ പ്രസ്ഥാന കാലത്തു തന്നെയാണ് ഖിലാഫാത് പ്രസ്ഥാനവും രൂപം കൊണ്ടത്
- ഖിലാഫത് പ്രസ്ഥാനത്തിന് രൂപം നൽകിയത് അലി സഹോദരന്മാരായിരുന്നു
- ഗാന്ധിജി ഖിലാഫത് പ്രസ്ഥാനത്തെ പിന്തുണച്ചതിന്റെ കാരണങ്ങൾ
- ബ്രിട്ടീഷ് ഇന്ത്യയുടെ മുക്കിലും മൂലയിലും സ്വാതന്ത്ര്യസമര സന്ദേശം എത്തിക്കുക
- ഹിന്ദു മുസ്ലിം ഐക്യം ശക്തമാക്കുക

## നിയമലംഘന പ്രസ്ഥാനം

- ലാഹോർ കോൺഗ്രസ് സമ്മേളനം **-1929**
- പൂർണസ്വരാജ് കോൺഗ്രസ്സിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചു
- ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കുക

### നിയമലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടു വെച്ച ആശയങ്ങൾ

- ഉപ്പുനികുതി എടുത്തുകളയുക
- കർഷകർക്ക് 50 % നികുതിയിളവ് നൽകുക
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക
- സൈനികച്ചെലവും ഉയർന്ന ശമ്പളവും വെട്ടിക്കുറക്കുക
- ഇന്ത്യക്കാരെ നിരീക്ഷിക്കാൻ രഹസ്യ പോലീസിന്റെ ആവശ്യമില്ല
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക
- സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കുക

## ഉപ്പ് ഒരു സമരായുധം

- ബ്രിട്ടീഷുകാരുടെ മൊത്തം നികുതിവരുമാനത്തിന്റെ 2 / 5 ഭാഗവും ലഭിച്ചത് ഉപ്പിൽ നിന്നായിരുന്നു
- ഉപ്പ് എല്ലാവരുടെയും അവശ്യ വസ്തുവായിരുന്നു
- ഉപ്പിന്റെ നികുതി മൂന്നുമടങ്ങ് വർധിപ്പിച്ചു
- തദ്ദേശീയരായ ചെറുകിട ഉപ്പ് ഉല്പാദകർക്ക് ഉപ്പ് നിർമിക്കാൻ അവകാശം ഉണ്ടായിരുന്നില്ല
- ഉപ്പ് സത്യാഗ്രഹം രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു
- ഗുജറാത്തിലെ ധരാസനാ ഉപ്പുനിർമ്മാണ ശാലയിലേക്ക് സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ മാർച്ച് നടത്തി
- ഉപ്പു സത്യാഗ്രഹത്തെ അടിച്ചമർത്തുകയും ഗാന്ധിജി ഉൾപ്പെടെയുള്ള സമര നേതാക്കളെ അറസ്റ്റ് ചെയ്യുകയും ചെയ്തു

### ക്വിറ്റ് ഇന്ത്യാ സമരം **- 1942**

- ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ ഏറ്റവും ശക്തമായ സമരമായിരുന്നു ക്വിറ്റ് ഇന്ത്യാ സമരം
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ആശയമാണ് ക്വിറ്റ് ഇന്ത്യാ സമരകാലത്തു ഗാന്ധിജി ജനങ്ങൾക്ക് നൽകിയത്
- ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ
- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കിയില്ല
- വിലക്കയറ്റവും ക്ഷാമവും കാരണം ജനങ്ങൾ ബുദ്ധിമുട്ടി
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ

## ക്വിറ്റ് ഇന്ത്യാ സമരകാലത്ത് ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ

- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം
- സർക്കാർ ജോലിക്കാർ ജോലി രാജിവെക്കാതെ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുക്കണം
- ഇന്ത്യൻ പട്ടാളക്കാർ ഇന്ത്യക്കാരെ വെടിവെക്കരുത്
- സ്വാതന്ത്ര്യം കിട്ടുന്നതുവരെ വിദ്യാർഥികൾ വിദ്യാലയങ്ങളിൽ പോകേണ്ടതില്ല

## ഇന്ത്യൻ നേഷണൽ ആർമി

- **INA** രൂപീകരിച്ചത് റാഷ് ബിഹാരി ബോസ് ആണ് .എന്നാൽ അതിനു രക്തവും മാംസവും നൽകിയത് സുഭാഷ് ചന്ദ്രബോസ് ആണ്
- സുഭാഷ് ചന്ദ്രബോസ്
- സിങ്കപ്പൂരിൽ ഒരു താൽക്കാലിക ഗവൺമെന്റിന് രൂപം നൽകി
- ഇന്ത്യൻ നേഷണൽ ആർമി വനിതാ വിഭാഗത്തിന് ഝാൻസി റാണി റെജിമെൻറ് രൂപീകരിച്ചു
- ഇതിന്റെ ചുമതല ക്യാപ്റ്റൻ ലക്ഷ്മിക്ക് ആയിരുന്നു
- ഇംഫാലിൽ ഇന്ത്യയുടെ ദേശീയ പതാക ഉയർത്തി

## മാതൃകാ ചോദ്യങ്ങൾ

1. ചേരുംപടി ചേർക്കുക 3

| A | B |
|---|---|
| ചമ്പാരൻ സത്യാഗ്രഹം | പ്ലേഗ് ബോണസ് |
| അഹമ്മദാബാദ് തുണിമിൽ സമരം | കർഷകർക്ക് കൂലിവർദ്ധനവ് നേടിക്കൊടുത്തു |
| ഖേദ സത്യാഗ്രഹം | നീലം തോട്ടം തൊഴിലാളികളുടെ പ്രശ്നം പരിഹരിച്ചു |

2.ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാലസമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാം? 4

3. നിസ്സഹകരണ സമരകാലത്ത് ഗാന്ധിജി നൽകിയ നിർദ്ദേശങ്ങൾ ഏവ ? 3

4. നിസ്സഹകരണ സമര കാലത്ത് ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ ജനങ്ങൾ പാലിച്ചതിനു മൂന്ന് ഉദാഹരണങ്ങൾ എഴുതുക ? 3

5. നിസ്സഹരണ പ്രസ്ഥാനം ഒരേ സമയം ബഹിഷ്കരണവും നിർമ്മാണാത്മക പ്രവർത്തനവും ആയിരുന്നു . സമർത്ഥിക്കുക ? 3

6 ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചതാര് ?ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണച്ചത് എന്തുകൊണ്ട് ? 3

7. ലാഹോർ കോൺഗ്രസ്സ് കമ്മിറ്റിയുടെ അധ്യക്ഷൻ ആരായിരുന്നു ? 1

8. പൂർണ്ണസ്സ്വരാജ് ഏതു സമ്മേളനത്തിന്റെ പ്രഖ്യാപനമായിരുന്നു ? 1

9.ഉപ്പുസത്യാഗ്രഹ സമയത്ത് ഗാന്ധിജി നൽകിയ നിർദ്ദേശങ്ങൾ ഏവ ? 3

10.ധരാസന ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം കൊടുത്തതാര് ? 1

11.ബ്രിട്ടിഷ് കാരോട് ഇന്ത്യ വിട്ടുപോകാൻ ഗാന്ധിജി പറയാനുണ്ടായ സാഹചര്യം എന്ത് ? 2

12.ക്വിറ്റ് ഇന്ത്യാ സമരകാലത്ത് ഗാന്ധിജി ജനങ്ങൾക്കു നൽകിയ സന്ദേശം എന്ത് ? 3

ചേരുംപടി ചേർക്കുക

| A | B |
|---|---|
| 1930 | ക്വിറ്റ് ഇന്ത്യാ സമരം |
| 1929 | നിസ്സഹകരണ പ്രസ്ഥാനം |
| 1920 | ലാഹോർ സമ്മേളനം |
| 1942 | ഉപ്പ് സത്യാഗ്രഹം |

13.ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നേതാജിയുടെ പങ്ക് വിശദമാക്കുക ? 3

14. (A)ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജി വഹിച്ച പങ്ക് താഴെ നൽകിയ സൂചനകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക ? 6

- നിസ്സഹകരണ പ്രസ്ഥാനം
- നിയമലംഘന പ്രസ്ഥാനം
- ക്വിറ്റ് ഇന്ത്യാ സമരം **OR**

(B)1917 മുതൽ 1922 വരെയുള്ള കാലയളവിൽ ഗാന്ധിജി ഇന്ത്യയിൽ നടത്തിയ പോരാട്ടങ്ങളെപ്പറ്റി ചുരുക്കി വിവരിക്കുക ?

# <u>സ്വാതന്ത്ര്യാനന്തര ഇന്ത്യ</u>

**ഊന്നൽ മേഖലയിലെ പ്രധാന ആശയങ്ങൾ**

- ➢ നാട്ടുരാജ്യങ്ങളുടെ സംയോജനം
- ➢ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ
- ➢ വിദ്യാഭ്യാസം
- ➢ വിദേശനയം

## <u>നാട്ടുരാജ്യങ്ങളുടെ സംയോജനം</u>

- ➢ സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന പ്രധാന പ്രശ്നമായിരുന്നു നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യുണിയനിലേക്കുള്ള സംയോജനം
- ➢ നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യൻ യുണിയനിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്ര രാജ്യമായി നില കൊള്ളാനോ ഉള്ള അധികാരം നൽകിയ ശേഷമാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്
- ➢ സർദാർ വല്ലഭായ് പട്ടേൽ ,വി പി മേനോൻ എന്നിവർ ചേർന്ന് ലയനക്കരാർ തയ്യാറാക്കി
- ➢ ജനകീയ പ്രതിഷേധങ്ങൾ , ഇന്ത്യാ ഗവർമെന്റിന്റെ പ്രയോഗികസമീപനങ്ങൾ എന്നിവ മൂലം ഭൂരിഭാഗം നാട്ടു രാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവെച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു
- ➢ ഹൈദരാബാദ്, കാശ്മീർ , ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ വിട്ടുനിന്നു
- ➢ അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂടെയും എല്ലാ നാട്ടു രാജ്യങ്ങളെയും ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു
- ➢ ബ്രിട്ടനെക്കൂടാതെ ഫ്രാൻസിനും പോർട്ടുഗൽ എന്നീ യൂറോപ്യൻ രാജ്യങ്ങൾക്കും ഇന്ത്യയിൽ അധീന പ്രദേശങ്ങൾ ഉണ്ടായിരുന്നു
- ➢ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ നടത്തി ഫ്രാൻസിന്റെ കീഴിലുള്ള അധീന പ്രദേശങ്ങൾ തിരിച്ചു പിടിച്ചു
- ➢ സൈനിക നടപടിയിലൂടെ പോർട്ടുഗീസ് അധീനതയിലുള്ള പ്രദേശങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു

| രാജ്യം | അധിനിവേശപ്രദേശം | ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | പോണ്ടിച്ചേരി<br>മാഹി<br>യാനം<br>കാരക്കൽ | 1954 |
| പോർച്ചുഗൽ | ഗോവ<br>ദാമൻ<br>ദിയു | 1961 |

## ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ

- സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര നേട്ടങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു
- ഇന്ത്യയുടെ കാർഷിക പുരോഗതിയിലും വ്യവസായ വൽക്കരണത്തിലും സാങ്കേതിക വിദ്യക്കും ,സാങ്കേതിക വിദഗ്ധർക്കും പ്രധാന പങ്കുണ്ട്
- പ്രധാനമന്ത്രി നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ അഭൂത പൂർവ്വമായ നേട്ടങ്ങൾ കൈവരിച്ചു
- നിരവധി ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിച്ചു
    - ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി
    - ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
    - ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി

ശാസ്ത്ര വ്യാവസായിക ഗവേഷണസമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയത് ഹോമി ജഹാൻഗീർ ഭാഭ , എസ് എൻ ഭട്നഗർ എന്നിവരാണ്

| ഹോമി ജഹാൻഗീർ ഭാഭ നേതൃത്വം നൽകിയ ഗവേഷണസ്ഥാപനങ്ങൾ |
|---|
| ➢ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ഫണ്ടമെന്റൽ റിസേർച്ച് |
| ➢ ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |

- ലോകോത്തര നിലവാരത്തിലുള്ള നിരവധി എഞ്ചിനീയറിംഗ് വിദ്യാലയങ്ങൾ അക്കാലത്തു സ്ഥാപിതമായി .
- അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ
- ശാസ്ത്ര വിജ്ഞാനത്തിനും ശാസ്ത്ര സാമഗ്രികൾക്കും വിദേശ രാജ്യങ്ങളെ ആശ്രയിക്കാതിരിക്കണമെന്നായിരുന്നു നെഹ്റുവിന്റെ കാഴ്ചപ്പാട്

### സ്വാതന്ത്ര്യാനന്തര ഇന്ത്യ - നേട്ടങ്ങൾ

### നിരവധി ഗവേഷണ സ്ഥാപനങ്ങൾ നിലവിൽ വന്നു

| | | |
|---|---|---|
| ➢ ശാസ്ത്ര വ്യാവസായിക ഗവേഷണസമിതി | ➢ ഇന്ത്യൻ കാർഷിക ഗവേഷണസമിതി | ➢ ഇന്ത്യൻ മെഡിക്കൽ ഗവേഷണസമിതി |

| |
|---|
| ➢ ലോകോത്തരനിലവാരമുള്ള നിരവധി എഞ്ചിനീയറിംഗ് വിദ്യാലയങ്ങൾ |
| ➢ അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ |
| ➢ മെഡിക്കൽ വിദ്യാഭ്യാസം |
| ➢ ഗതാഗതം |
| ➢ വിവരസാങ്കേതിക വിദ്യ |
| ➢ സമുദ്രഗവേഷണം |
| ➢ ആണവോർജ്ജം |
| ➢ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് |
| ➢ ജനിതകശാസ്ത്രം |
| ➢ ജൈവസാങ്കേതിക വിദ്യ |

| ബഹിരാകാശ ഗവേഷണങ്ങൾ |
|---|
| ➢ 1962 ൽ നെഹ്റു വിക്രം സാരാഭായി എന്നിവരുടെ ശ്രമഫലമായി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണസമിതി രൂപീകൃതമായി<br>➢ 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ രൂപീകരണം<br>➢ തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിൽ ഇന്ത്യയിലെ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം സ്ഥാപിതമായി<br>➢ 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു<br>➢ ഉപഗ്രഹങ്ങൾക്കു പുറമെ വിക്ഷേപണ വാഹനങ്ങളും വികസിപ്പിച്ചതിലൂടെ ഉപഗ്രഹങ്ങൾ നിർമ്മിക്കാനും വിക്ഷേപിക്കുവാനും കഴിവുള്ള ഏകസ്വര രാഷ്ട്രമെന്ന ബഹുമതി<br>➢ മിസൈൽ സാങ്കേതിക വിദ്യയിലും പുരോഗതിയുണ്ടായി - അഗ്നി, പൃഥ്വി<br>➢ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി<br>➢ നാഷണൽ ഫിസിക്കൽ റിസേർച്ച് ലബോറട്ടറി<br>➢ എഡ്യൂസാറ്റ് 2004 . ചാന്ദ്രയാൻ 2008 , മംഗൾയാൻ ദൗത്യങ്ങൾ വിജയിപ്പിച്ചു |

<u>വിദ്യാഭ്യാസരംഗം</u>

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ദേശീയ നേതാക്കൾ തദ്ദേശീയമായ വിദ്യാഭ്യാസനയം വളർത്തിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട് ഇതിനായി വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ രൂപീകരിച്ചു

<u>കമ്മീഷനുകൾ</u>

- ➢ ഡോ .എസ് .രാധാകൃഷ്ണൻ കമ്മീഷൻ 1948
- ➢ ഡോ ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ 1952
- ➢ ഡോ .ഡി .എസ് കോത്താരി കമ്മീഷൻ 1964

<u>കമീഷനുകളും ലക്ഷ്യങ്ങളും</u>

| കമ്മീഷൻ | ലക്ഷ്യങ്ങൾ |
|---|---|
| ഡോ .എസ് .രാധാകൃഷ്ണൻ കമ്മീഷൻ 1948 | സർവ്വകലാശാല വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം |
| ഡോ ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ 1952 | സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെ കുറിച്ചുള്ള പഠനം |
| ഡോ .ഡി .എസ് കോത്താരി കമ്മീഷൻ 1964 | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെ പറ്റിയുള്ള നിർദ്ദേശങ്ങൾ |

<u>ദേശീയ വിദ്യാഭ്യാസ നയങ്ങൾ</u>

- ➢ 1968 ലും 1986 ലും ദേശീയ വിദ്യാഭ്യാസ നയങ്ങൾ പ്രഖ്യാപിച്ചു

<u>1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ</u>

| | |
|---|---|
| പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം | പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഓപ്പറേഷൻ ബ്ലാക്ബോർഡ് പദ്ധതി |
| ഓരോ ജില്ലയിലും നവോദയാ വിദ്യാലയങ്ങൾ സ്ഥാപിക്കണം | പെൺകുട്ടികളുടെവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം |

2009 ൽ ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസ അവകാശനിയമം പാസ്സാക്കി

## സ്വാതന്ത്ര്യാനന്തര വിദേശനയങ്ങൾ

- സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപപ്പെടുത്തിയ വിദേശനയമാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ സ്വീകരിച്ചത്
- ഇന്ത്യൻ വിദേശ നയത്തിന്റെ ശില്പി ജവഹർലാൽ നെഹ്റുവാണ്

### ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങൾ

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസായോടുമുള്ള എതിർപ്പ്
- വംശീയ വാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്വങ്ങൾ
- ചേരിചേരായ്മ

### പഞ്ചശീല തത്ത്വങ്ങൾ

1954 ൽ ഇന്ത്യയും ചൈനയും ഒപ്പുവെച്ച കരാറാണ് പഞ്ചശീല തത്വങ്ങൾ
ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായുമാണ് കരാറിൽ ഒപ്പുവെച്ചത്

**പഞ്ചശീല തത്വങ്ങൾ**

| | |
|---|---|
| ➢ രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക | ➢ പരസ്പരം ആക്രമിക്കാതിരിക്കുക<br>➢ സമാധാനപരമായ സഹവർത്തിത്വം പാലിക്കുക |
| ➢ ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക | ➢ സമത്വവും പരസ്പര സഹായവും പുലർത്തുക |

## ചേരിചേരാ പ്രസ്ഥാനം

- രണ്ടാം ലോകയുദ്ധാനന്തരം രൂപീകരിക്കപ്പെട്ട ചേരിചേരാ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവാണ് .
- അന്താരാഷ്ട്ര പ്രശ്നങ്ങളിൽ സ്ഥിരമായി ഒരു ചേരിയോടൊപ്പം (മുതലാളിത്ത ചേരി ,സോഷ്യലിസ്റ്റ് ചേരി )നിൽക്കാതെ പ്രശ്നത്തിന്റെ ശരിതെറ്റുകൾ വിലയിരുത്തി നിലപാടുകൾ സ്വീകരിക്കുക എന്ന സമീപനമാണ് ഇന്ത്യ സ്വീകരിച്ചത്

## നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തിൽ സർദാർ വല്ലഭായ് പട്ടേൽ വഹിച്ച പങ്ക്

- സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന ഒരു പ്രധാന പ്രശ്നമായിരുന്നു നാട്ടുരാജ്യങ്ങളുടെ ഏകീകരണം .
- ഇത് വളരെ ശ്രമകരമായ ഒരു ദൗത്യമായിരുന്നു
- കേന്ദ്രമന്ത്രിസഭയിലെ സംയോജനവുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭായ് പട്ടേലിനായിരുന്നു
- സ്റ്റേറ്റ് ഡിപ്പാർട്മെന്റിന്റെ സെക്രട്ടറിയായി വി .പി മേനോനെ അദ്ദേഹം നിയമിച്ചു
- നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സർദാർ പട്ടേലും വി.പി മേനോനും ചേർന്ന് ഒരു ലയനക്കരാർ തയ്യാറാക്കി .
- അതനുസരിച്ച് പ്രതിരോധം ,വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം
- ജനകീയ പ്രതിഷേധങ്ങളും ഇന്ത്യഗവൺമെന്റിന്റെ പ്രയോഗികസമീപനങ്ങളും മൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവെച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു .
- യൂണിയനിൽ ചേരാൻ വിസമ്മതിച്ച ഹൈദരാബാദ് ,കാശ്മീർ ,ജുനഗഡ് എന്നീ രാജ്യങ്ങൾ പിന്നീട് അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂയോടെയും ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർക്കപ്പെട്ടു.

## മാതൃകാ ചോദ്യങ്ങൾ

1.സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രപുരോഗതി ലക്ഷ്യമാക്കി നിരവധി സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു .അവയിലേതെങ്കിലും രണ്ട് ഉദാഹരണങ്ങൾ എഴുതുക

2. ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതെല്ലാം ?

3.സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഇന്ത്യയിൽ അധീന പ്രദേശങ്ങൾ ഉണ്ടായിരുന്ന യൂറോപ്യൻ രാജ്യങ്ങൾ ഏതെല്ലാം ?അധിനിവേശ പ്രദേശങ്ങൾ ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം? എന്നിവ ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കുക

4. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം വിഷമം പിടിച്ച വെല്ലുവിളിയായി മാറിയ സാഹചര്യം വ്യക്തമാക്കുക ?

5. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാധ്യമായത് എങ്ങനെ ?

6.ഫ്രാൻസ് ,പോർച്ചുഗൽ എന്നീ രാജ്യങ്ങളുടെ അധീനപ്രദേശങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം ഏത്

7 സ്വതന്ത്രാനന്തര ഇന്ത്യ ശാസ്ത്ര സാങ്കേതിക രംഗത്തു കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം

8.ലഘു കുറിപ്പുകൾ തയ്യാറാക്കുക

(A)ഹോമി ജഹാംഗീർ ഭാഭ

(B)വിക്രം സാരാഭായ്

(C)എ .പി .ജെ അബ്ദുൾകലാം

9.സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ബഹിരാകാശ രംഗത്ത് ഇന്ത്യക്കുണ്ടായ പുരോഗതി വിലയിരുത്തുക

10.സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിയമിക്കപ്പെട്ട വിദ്യാഭ്യാസ കമ്മീഷനുകളും ലക്ഷ്യങ്ങളും ശുപാർശകളും പട്ടികപ്പെടുത്തുക

11. സ്വതന്ത്ര ഇന്ത്യയിൽ ദേശീയ വിദ്യാഭ്യാസ നയങ്ങൾ കൊണ്ടുവന്ന വർഷങ്ങൾ ഏതൊക്കെ ?

12.1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ ഏവ ?

13. ഇന്ത്യയുടെ വിദേശ നയത്തിന്റെ പ്രധാന തത്ത്വങ്ങൾ ഏവ ?

14. പഞ്ചശീല തത്ത്വങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

15. പഞ്ചശീല തത്ത്വങ്ങളിലെ പ്രധാന വ്യവസ്ഥകൾ ഏവ ?

## SS II-UNIT-2 ഋതുഭേദങ്ങളും സമയവും

ഊന്നൽ മേഖലയിലെ പ്രധാന ആശയങ്ങൾ

| | | | |
|---|---|---|---|
| സൂര്യന്റെ അയനം ഋതുക്കൾ | ഭ്രമണം | സമയ നിർണ്ണയം | ഗ്രീനിച് സമയം |
| സ്റ്റാൻഡേർഡ് സമയം | ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം | അന്താരാഷ്ട്ര ദിനാങ്കരേഖ | |

- **കാലത്തിന്റെ മാറ്റങ്ങളെ ഋതുക്കൾ എന്ന് വിളിക്കുന്നു സൗരോർജ്ജ ലഭ്യതയിലുള്ള ഏറ്റക്കുറച്ചിലുകളാണ് വ്യത്യസ്ത ഋതുക്കളിലെ പ്രധാനസവിശേഷത**

**സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ സഞ്ചാരഗതിയിലെ സ്ഥാനങ്ങൾ**

- മാർച്ച് 21 - ഭൂമധ്യരേഖ
- ജൂൺ 21 - ഉത്തരായനരേഖ
- സെപ്റ്റംബർ 23 - ഭൂമധ്യരേഖ
- ഡിസംബർ 22 - ദക്ഷിണായന രേഖ

ഒരു വർഷത്തിന്റെ പകുതിയിൽ (മാർച്ച് **21** മുതൽ സെപ്റ്റംബർ **23** വരെ ) ഉത്തരാർദ്ധ ഗോളത്തിലും മറു പകുതിയിൽ (സെപ്റ്റംബർ **23** മുതൽ മാർച്ച് **21** വരെ )സൂര്യരശ്മി ലംബമായി പതിക്കുന്നയിടങ്ങളിൽ ചൂട് പൊതുവെ കൂടുതലും ചരിഞ്ഞു പതിക്കുന്ന ഇടങ്ങളിൽ ചൂട് കുറവുമായിരിക്കും

ഋതുഭേദങ്ങൾക്കു കാരണമാവുന്ന ഘടകങ്ങൾ

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത
- സൂര്യന്റെ അയനം


സൂര്യന്റെ അയനം

- ഉത്തരായന രേഖക്കും ദക്ഷിണായന രേഖക്കും ഇടയിലുള്ള സൂര്യന്റെ ആപേക്ഷികമായ സ്ഥാനമാറ്റം
- ഭൂമി പരിക്രമണ വേളയിൽ ഉടനീളം അച്ചുതണ്ടിന്റെ ചരിവ് നിലനിർത്തുന്നതാണ് ഇതിനു കാരണം

| സൂര്യന്റെഅയനം | മാസങ്ങൾ | ഋതുക്കൾ - ഉത്തരാർദ്ധ ഗോളം | ഋതുക്കൾ - ദക്ഷിണാർദ്ധഗോളം |
|---|---|---|---|
| ദക്ഷിണായന രേഖയിൽനിന്ന് ഭൂമധ്യ രേഖയിലേക്ക് | ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ശൈത്യം | ഗ്രീഷ്മം |
| ഭൂമധ്യരേഖയിൽനിന്നു ഉത്തരായന രേഖയിലേക്ക് | മാർച്ച് 21 മുതൽ ജൂൺ 21 വരെ | വസന്തം | ഹേമന്തം |
| ഉത്തരായന രേഖയിൽനിന്ന് ഭൂമധ്യ രേഖയിലേക്ക് | ജൂൺ 21 മുതൽ സപ്തംബർ 23 വരെ | ഗ്രീഷ്മം | ശൈത്യം |
| ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക് | സപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | ഹേമന്തം | വസന്തം |

മധ്യ അക്ഷാംശ മേഖലകളിലാണ് (മിതോഷ്ണമേഖല ) ഋതുക്കൾ കൃത്യമായി അനുഭവപ്പെടുന്നത്  വർഷം മുഴുവൻ ഉയർന്ന തോതിൽ സൂര്യപ്രകാശം ലഭിക്കുന്ന ഉഷ്ണമേഖലാപ്രദേശങ്ങളിൽ ഋതുഭേദങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല .

| ദിനം | സൂര്യന്റെ സ്ഥാനം | ദിനത്തിന്റെ പേര് | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധ ഗോളം |
|---|---|---|---|---|
| മാർച്ച് **21** | ഭൂമധ്യരേഖ | സമരാത്ര ദിനം | പകലിന്റെയും രാത്രിയുടെയും ദൈർഘ്യം തുല്യം | തുല്യം |
| ജൂൺ **21** | ഉത്തരായന രേഖ | ഗ്രീഷ്മ അയനാന്തം | ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും | ഏറ്റവും ഹ്രസ്വമായ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും |
| സപ്തംബർ **23** | ഭൂമധ്യരേഖ | സമരാത്ര ദിനം | പകലിന്റെയും രാത്രിയുടെയും ദൈർഘ്യം തുല്യം | തുല്യം |
| ഡിസംബർ **22** | ദക്ഷിണായന രേഖ | ശൈത്യ അയനാന്ത ദിനം | ഏറ്റവും ഹ്രസ്വമായ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും | ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും |




Q- സമരാത്രദിനം ,ഗ്രീഷ്മം അയനാന്ത ദിനം ,ശൈത്യ അയനാന്ത ദിനം എന്നീ ദിവസങ്ങളിൽ സൂര്യന്റെ സ്ഥാനം തന്നിട്ടുള്ള പ്രധാന അക്ഷാംശങ്ങളിൽ വരച്ച ദിനങ്ങൾ സൂചിപ്പിക്കുക

<u>ഭൂഭ്രമണം</u>

സവിശേഷതകൾ :-

ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി ഭ്രമണം ചെയ്യുന്നത് കൊണ്ടാണ് രാത്രിയും പകലും ഉണ്ടാവുന്നത്
ഭൂഭ്രമണം പടിഞ്ഞാറുനിന്നു കിഴക്കോട്ടാണ്
ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ വേണം
ഭ്രമണം പടിഞ്ഞാറുനിന്നും കിഴക്കോട്ടായതിനാൽ സൂര്യോദയം കിഴക്കു നിന്നുമായിരിക്കും

<u>പ്രാദേശിക സമയം</u>


ആദ്യകാലങ്ങളിൽ സമയം നിർണ്ണയിച്ചിരുന്നത് സൂര്യപ്രകാശം സൃഷ്ടിക്കുന്ന നിഴലിനെ അടിസ്ഥാനമാക്കിയായിരുന്നു .തലക്ക് മുകളിലായി സൂര്യനെത്തുന്നത് ഉച്ചക്ക് 12 മണിയെന്നു കണക്കാക്കുന്നു .
ഓരോ സ്ഥലത്തും ഇപ്രകാരം സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയത്തെയാണ് പ്രാദേശിക സമയം എന്ന് പറയുന്നത്

**<u>15 ഡിഗ്രി രേഖാംശ പ്രദേശം തിരിയാൻ ഒരു മണിക്കൂർ</u>**

| | |
|---|---|
| ഭൂമിയുടെ കോണളവ് | 360 ഡിഗ്രി |
| ഓരോ ഡിഗ്രി കോണളവിലും ഒരു രേഖാംശം വീതം വരച്ചാൽ ആകെയുള്ള രേഖാംശങ്ങൾ | 360 |
| 360 ഡിഗ്രി രേഖാംശങ്ങൾ തിരിയാൻ വേണ്ട സമയം | 24 മണിക്കൂർ |

| | |
|---|---|
| 1 മണിക്കൂർ | 60 മിനുട്ട് |
| 24 മണിക്കൂർ മിനുട്ടിലാക്കിയാൽ | 1440 മിനുട്ട് (24 *60 ) |
| 360 ഡിഗ്രി തിരിയാൻ വേണ്ട സമയം | 1440 മിനുട്ട് |
| ഒരു ഡിഗ്രി രേഖാംശ പ്രദേശം തിരിയാൻ ഭൂമിക്ക് വേണ്ട സമയം | 4 മിനുട്ട് (1440/ 360 ) |
| 15 ഡിഗ്രി രേഖാംശ പ്രദേശം തിരിയാൻ ഭൂമിക്കു വേണ്ട സമയം | 60 മിനുട്ട് (15 X 4 ) |

**ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുനിന്നും കിഴക്കോട്ടായതിനാൽ കിഴക്കോട്ട് പോകുന്തോറും സമയം കൂടുതലും പടിഞ്ഞാറോട്ടു പോകുമ്പോൾ സമയം കുറയുകയും ചെയ്യും**




## ഗ്രീനിച്ച് രേഖ

- 0 ഡിഗ്രി രേഖാംശരേഖ
- ഇംഗ്ലണ്ടിലെ ഗ്രീനിച്ചിലൂടെ കടന്നു പോകുന്നു
- പ്രൈം മെറിഡിയനെ അടിസ്ഥാനമാക്കിയാണ് ലോക സമയം നിർണയിക്കുന്നത്
- ഗ്രീനിച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച് സമയം
- ഗ്രീനിച് രേഖയെ അടിസ്ഥാനപ്പെടുത്തി ലോകത്തെ 24 സമയ മേഖലകളായി തിരിച്ചിരിക്കുന്നു

സ്റ്റാൻഡേർഡ് സമയം

- ഓരോ രേഖാംശത്തിലെയും പ്രാദേശിക സമയങ്ങളിലുള്ള വ്യത്യാസം മറികടക്കാൻ രാജ്യങ്ങളുടെ
- കേന്ദ്രഭാഗത്തു കൂടി കടന്നു പോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്തെ മുഴുവൻ പൊതു സമയമായാണ് (സ്റ്റാൻഡേർഡ് സമയം )സാധാരണ കണക്കാക്കുന്നത്
- രേഖാംശ വ്യാപ്തി കൂടുതലുള്ള രാജ്യങ്ങളിൽ ഒന്നിലേറെ രേഖാംശങ്ങളെ മാനക രേഖാംശയമായി പരിഗണിക്കാറുണ്ട്
- രാജ്യത്തിൻറെ മധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശ രേഖയെ മാനക രേഖാംശം എന്ന് പറയുന്നു മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനക സമയം

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

- ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി 68 ഡിഗ്രി കിഴക്കു മുതൽ 97 ഡിഗ്രി കിഴക്കു വരെ (പൂർവ രേഖാംശം 68 ഡിഗ്രി മുതൽ 97 ഡിഗ്രി)
- ഇന്ത്യയുടെ മധ്യത്തിലായി സ്ഥിതി ചെയ്യുന്ന രേഖാംശം = 68+97=165 /2 =82 1/ 2 $^{0}$
- 82 1/ 2 $^{0}$ ഡിഗ്രി കിഴക്ക്
- 82 1/ 2 $^{0}$ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യയുടെ പൊതുവായ സമയം . ഇതാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

അന്താരാഷ്ട്ര ദിനാങ്കരേഖ

- 180 ഡിഗ്രി രേഖാംശ രേഖയെയാണ് അന്താരാഷ്ട്ര ദിനാങ്ക രേഖ എന്ന് പറയുന്നത് .
- ഈ രേഖക്ക് പടിഞ്ഞാറ് 24 മണിക്കൂർ കൂടുതലും കിഴക്ക് 24 മണിക്കൂർ കുറവുമായിരിക്കും
- അതായത് ഈ രേഖക്ക് പടിഞ്ഞാറ് ഭാഗത്തു വെള്ളിയാഴ്ച ആണെങ്കിൽ കിഴക്ക് ഭാഗത്തു വ്യാഴാഴ്ച

ആയിരിക്കും

- ഒരു രാജ്യത്തിൻറെ മധ്യഭാഗത്തു കൂടി ഈ രേഖ കടന്നുപോകുമ്പോൾ ദിവസങ്ങളിൽ ഉണ്ടാവുന്ന വ്യത്യാസം പരിഹരിക്കുന്നതിന് വേണ്ടി കരഭാഗത്തെ ഒഴിവാക്കി കടലിലൂടെ വളച്ചാണ് വരച്ചിരിക്കുന്നത് '
- പസഫിക് സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ കടന്നു പോകുന്നത്
- ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് സഞ്ചരിക്കുന്ന ഒരാൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു .

## മാതൃകാ ചോദ്യങ്ങൾ

(1). ഉത്തരാർദ്ധ ഗോളത്തിൽ ഗ്രീഷ്മ കാലമായിരിക്കുമ്പോൾ ദക്ഷിണാർദ്ധ ഗോളത്തിൽ ഏതു കാലമായിരിക്കും ?
(A .വസന്തം B ഹേമന്തം C ശൈത്യം )
(2). താഴെ കൊടുത്തിരിക്കുന്നവയിൽ ഋതുക്കൾ ക്രമമായിട്ടുള്ളത് കണ്ടെത്തുക
(A)ശൈത്യം -വസന്തം -ഗ്രീഷ്മം -ഹേമന്തം (B).ശൈത്യം -ഗ്രീഷ്മം -വസന്തം -ഹേമന്തം
(C).വസന്തം - ഹേമന്തം - ഗ്രീഷ്മം - ശൈത്യം )


(3)പൂജ്യം ഡിഗ്രി രേഖാംശത്തിൽ ഒരു മണി ആയിരിക്കുമ്പോൾ 1 ഡിഗ്രി പടിഞ്ഞാറെ രേഖാംശത്തിൽ സമയം എത്ര ?
(A. 1.04 PM B. 12.56 PM C. 1.06 PM )
(4). അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ പടിഞ്ഞാറ് ഭാഗത്തു വെള്ളിയാഴ്ച ആയിരിക്കുമ്പോൾ ഈ രേഖയുടെ കിഴക്ക് ഏതു ദിവസം ആയിരിക്കും ?
(A.ശനി B.വ്യാഴം C. വെള്ളി ) 1
(5) സൂര്യന്റെ അയനം എന്നാൽ എന്ത് ?സൂര്യന്റെ ആപേക്ഷികസ്ഥാനം ഭൂമധ്യരേഖയിൽ വരുന്ന ദിനങ്ങൾ ഏതെല്ലാം ?
(6). വിവിധ മാസങ്ങളിൽ സൂര്യാസ്തമയം മാറി മാറി വരുന്നു .എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് ?

(7).സ്റ്റാൻഡേർഡ് സമയം എന്തെന്ന് വിശദമാക്കുക ? ഇന്ത്യയുടെ മാനക രേഖാംശമായി $82_{1/2}{}^{0}$ കിഴക്ക് കണക്കാക്കിയത് എങ്ങനെ ?
(8). ഭൂഭ്രമണത്തിന്റെ സവിശേഷതകൾ എഴുതുക
(9). താഴെ കൊടുത്തിരിക്കുന്നവ എന്തെന്ന് വിശദമാക്കുക
(a)ഗ്രീനിച് സമയം (b)പ്രാദേശിക സമയം (c)അന്താരാഷ്ട്ര ദിനാങ്കരേഖ

# വൈവിധ്യങ്ങളുടെ ഇന്ത്യ

ഹിമവൽഭൂവിൽ - ട്രാൻസ് ഹിമാലയം -ഹിമാലയം - കിഴക്കൻ മലനിരകൾ

- ഭൂപ്രകൃതിയനുസരിച്ച് ഇന്ത്യയെ ഉത്തരപർവ്വത മേഖല ,ഉത്തരമഹാ സമതലം , ഉപദ്വീപീയ പീഠഭൂമി, തീരസമതലം ,ദ്വീപുകൾ എന്നിങ്ങനെ വേർതിരിക്കാം .
- കാശ്മീരിന് വടക്കു പടിഞ്ഞാറു മുതൽ ഇന്ത്യയുടെ കിഴക്കൻ അതിർത്തി വരെ ഒരു വന്മതിൽ പോലെ നിലകൊള്ളുന്ന പർവ്വത നിരകളാണ് ഉത്തര പർവ്വത മേഖല .
- ഉത്തര പർവ്വത മേഖലയെ ട്രാൻസ് ഹിമാലയം ,ഹിമാലയം , കിഴക്കൻ മലനിരകൾ എന്നിങ്ങനെ മൂന്നായി തിരിക്കാം




## ട്രാൻസ് ഹിമാലയം

- കാരക്കോറം , ലഡാക്ക്, സസ്കർ എന്നീ പർവ്വതനിരകൾ ചേർന്നത്
- ഇന്ത്യയിൽ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൌണ്ട് K 2 അഥവാ ഗോഡ്‌വിൻ ഓസ്റ്റിൻ (8661 മീറ്റർ ഉയരം ) സ്ഥിതി ചെയ്യുന്നത് കാരക്കോറം നിരയിലാണ്
- ട്രാൻസ് ഹിമാലയത്തിന്റെ ശരാശരി ഉയരം 6000 മീറ്റർ ആണ്

- ## ഹിമാലയം

- ട്രാൻസ് ഹിമാലയത്തിനും കിഴക്കൻ മലനിരകൾക്കും ഇടയിൽ സ്ഥിതി ചെയ്യുന്നു .
- ഏകദേശം 2400 കിലോമീറ്റർ നീളം
- ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ സ്ഥിതി ചെയ്യുന്നു .
- കശ്മീർ ഭാഗത്തു ഏകദേശം 400 കിലോമീറ്റർ വീതിയുണ്ട്
- അരുണാചൽ പ്രദേശിൽ 150 കിലോമീറ്റർ ആണ് ഏകദേശ വിതി
- 5 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തീർണമുണ്ട്

- സമാന്തരമായ 3 പർവ്വതനിരകൾ ഉൾപ്പെട്ടതാണ് ഹിമാലയം

## ഹിമാലയൻ നിരകൾ

- ഹിമാദ്രി
- ഹിമാചൽ
- സിവാലിക്ക് എന്നീ പർവ്വതനിരകൾ ചേർന്നത്

## ഹിമാദ്രി നിരയുടെ സവിശേഷതകൾ

- ഏറ്റവും ഉയരം കൂടിയ ഹിമാലയൻ നിര
- ശരാശരി ഉയരം 6000 മീറ്റർ
- ഗംഗ ,യമുന എന്നീ നദികളുടെ ഉത്ഭവസ്ഥാനം
- 8000 മീറ്റർ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു (ഉദാ :-കാഞ്ചൻജംഗ ,നന്ദാദേവി

## ഹിമാചൽ നിരയുടെ സവിശേഷതകൾ ഉത്തരപർവ്വത മേഖലയുടെ പ്രാധാന്യം

- ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു .
- ശരാശരി ഉയരം 3000 മീറ്റർ
- ഷിംല ,ഡാർജിലിങ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു .

## സിവാലിക്ക് നിരയുടെ സവിശേഷതകൾ

- ഹിമാചലിന്റെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു .
- ശരാശരി ഉയരം 1220 മീറ്റർ
- ഹിമാലയൻ നദികൾ ഈ പർവ്വതനിരയെ മുറിച്ചു കൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു .
- ഇവയെ ഡൂൺ എന്ന് വിളിക്കുന്നു .

## ഹിമാലയ പർവത മേഖലയിലെ സസ്യജാലങ്ങൾ

- വ്യത്യസ്തമായ സസ്യജാലങ്ങൾ ഈ പർവ്വതപ്രദേശങ്ങളിൽ കാണപ്പെടുന്നു
- സമുദ്രനിരപ്പിൽനിന്നും 1000 മുതൽ 2000 മീറ്റർ ഉയരത്തിൽ ഓക് ,മേപ്പിൾ തുടങ്ങിയ കാണപ്പെടുന്നു
- അതിനു മുകളിലേക്കുള്ള ഉയരത്തിൽ ദേവദാരു ,സ്പ്രൂസ് തുടങ്ങിയ സ്തൂപിഗാഗ്ര വൃക്ഷങ്ങളും കാണപ്പെടുന്നു

## കിഴക്കൻ മലനിരകൾ

- സവിശേഷതകൾ :-സമുദ്രനിരപ്പിൽ നിന്നും ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരമുള്ള ഈ പ്രദേശം പൂർവാഞ്ചൽ എന്ന് അറിയപ്പെടുന്നു
- നാഗാലാൻഡിലെ പാഥ്കൈബും ,നാഗാ കുന്നുകൾ
- മേഘാലയത്തിലെ ഖാസി ,ഗാരോ ,ജയന്തിയ കുന്നുകൾ
- മിസോറാമിലെ മിസോ കുന്നുകൾ എന്നിവ ഉൾപ്പെടുന്നു .
- ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായ ചിറാപുഞ്ചി ഇവിടെയാണ് .
- ഈ പ്രദേശത്തു നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകൾ ഉണ്ട്

## ഉത്തര പർവ്വത മേഖലയിലെ മണ്ണിനങ്ങൾ

- തവിട്ടുനിറത്തിലും കറുത്ത നിറത്തിലും ഉള്ള മണ്ണാണ് ഇവിടെ കാണപ്പെടുന്നത് .
- പൊതുവെ ഫലപുഷ്ടി കൂടിയ ഈ മണ്ണ് പർവ്വത മണ്ണ് എന്നും അറിയപ്പെടുന്നു .

## ഉത്തര പർവ്വത മേഖലയിലെ മനുഷ്യ ജീവിതത്തിന്റെ സവിശേഷതകൾ

- മൃഗപരിപാലനം - ധാരാളം പുൽമേട്ടുകൾ ഉള്ളതിനാൽ കാശ്മീർ ,ഹിമാചൽപ്രദേശ് എന്നിവിടങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ചെമ്മരിയാടുകളെ വളർത്തുന്നു .
- എക്കൽ നിബിഡമായ സിവാലികിന്റെ താഴ്‌വരയിൽ ഉരുളക്കിഴങ് ,കുങ്കുമപ്പൂവ് ,ബാർലി എന്നിവ കൃഷി ചെയ്യുന്നു .
- ആപ്പിൾ ,ഓറഞ്ച് തുടങ്ങിയ പഴ വർഗ്ഗങ്ങളും ,തേയിലയും ഇവിടെ കൃഷി ചെയ്യുന്നു
- കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്നത് ആസ്സാമിലാണ്
- ഏറെ പ്രകൃതിഭംഗിയുള്ള ഉത്തര പർവ്വത മേഖല വിനോദ സഞ്ചാരികളുടെ പറുദീസയാണ്.
- ഷിംല ,മണാലി ,കുളു ,ഡാർജിലിംഗ് തുടങ്ങിയ സുഖവാസകന്ദ്രങ്ങൾ ഇവിടെയാണ് .

## ഉത്തരപർവ്വത മേഖലയുടെ പ്രാധാന്യം

- വൈദേശിക ആക്രമണങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു
- മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു .
- ശൈത്യകാലത്തു വടക്കുനിന്നും വീശുന്ന ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ തടഞ്ഞുനിർത്തുന്നു .
- വൈവിധ്യമാർന്ന സസ്യ ജന്തുജാലങ്ങൾ കാണപ്പെടുന്നു .
- നദികളുടെ ഉൽഭവസ്ഥാനം
- ധാരാളം സുഖവാസകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു

## ഹിമാലയൻ നദികൾ - സവിശേഷതകൾ

| ഹിമാലയൻ നദികൾ | ഉത്ഭവ സ്ഥാനം | നീളം | പോഷക നദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസരോവർ തടാകം | ഏകദേശം 2880 കി.മീ. (ഈ നദിയുടെ 709 കി.മീ. മാത്രമേ ഇന്ത്യയിലൂടെ ഒഴുകുന്നുള്ളൂ). | ത്സലം, ചിനാബ്, രബി, ബിയാസ്, സത്‌ലജ്. | ജമ്മുകാശ്മീർ ഹിമാതൽപ്രദേശ് പഞ്ചാബ് | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | ഏകദേശം 2500 കി.മീ. | യമുന ഗാങ്ടോക്ക് ഗോമതി കോസി ഗാഗ്ര. | UP, ഉത്തരാഞ്ചൽ,MP, ബിഹാർ,WB | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | തിബറ്റിലെ ചെമ-യുങ്-തുങ് ഹിമാനി | ഏകദേശം 2900 കി.മീ. (ഇന്ത്യയിലെ നീളം 725 കി.മീ.) | തിസ്ത മാനസ് ലൂഹിത് ദിബാങ് സുബൻസിരി | അരുണാചൽ, ആസ്സാം, സ്കിം, പശ്ചിമബംഗാൾ | ബംഗാൾ ഉൾക്കടൽ |

# ഉപദ്വീപീയ പീഠഭൂമി

## ഉപദ്വീപീയ പീഠഭൂമിയുടെ പ്രാധാന്യം

- ഉറപ്പേറിയ ശിലകളാൽ നിർമ്മിതമായ ഉപദ്വീപീയ പീഠഭൂമി ഇന്ത്യയിലെ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗമാണ്
- വടക്ക് ആരവല്ലി പർവത നിരകൾക്കും പടിഞ്ഞാറ് പശ്ചിമഘട്ടത്തിനും കിഴക്ക് പൂർവ്വഘട്ടത്തിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമാണ് ഉപദ്വീപീയ പീഠഭൂമി
- വിന്ധ്യ ,സത്പുര എന്നിവയാണ് മറ്റു പ്രധാനപ്പെട്ട പർവ്വതങ്ങൾ
- മാൾവ പീഠഭൂമി ,ചോട്ടാ നാഗ്പൂർ പീഠഭൂമി ,ഡക്കാൻ പീഠഭൂമി ,കച് ഉപദ്വീപ് ,കത്തിയാവാർ ഉപദ്വീപ് എന്നിവ ചേർന്നതാണ് ഉപദ്വീപീയ പീഠഭൂമി .
- ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി പശ്ചിമഘട്ടത്തിലെ ആനമുടിയാണ് (2695 മീറ്റർ ഉയരം )
- ഉപദ്വീപീയ പീഠഭൂമി ധാതുക്കളുടെ കലവറയാണ് .
- ഉപദ്വീപീയ പീഠഭൂമിയുടെ തെക്കുഭാഗമായ ഡക്കാൻ പീഠഭൂമി അനേകം ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഒഴുകിപ്പരന്ന ലാവ തണുത്തുറഞ്ഞു ഉണ്ടായതാണ് .
- ബസാൾട് എന്ന ആഗ്നേയ ശിലകളാൽ നിർമിതമായ ഈ പീഠഭൂമിയിൽ വ്യാപകമായി കറുത്ത മണ്ണ് കാണപ്പെടുന്നു .
- പരുത്തിക്കൃഷിക്ക് അനുയോജ്യമായതിനാൽ കറുത്ത പരുത്തി മണ്ണ് എന്നും ഇതറിയപ്പെടുന്നു .
- ഉപദ്വീപീയ പീഠഭൂമിയിൽ ഇരുമ്പിന്റെ അംശം ധാരാളമുള്ള ചെമ്മണ്ണും കാണപ്പെടുന്നു .
- മൺസൂൺ മഴയും ഇടവിട്ടുള്ള വേനലും മാറി മാറിഅനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലാറ്ററൈറ്റ് മണ്ണും കാണപ്പെടുന്നു

# ഉപദ്വീപീയ നദികൾ

## സവിശേഷതകൾ :-

- ഉപദ്വീപീയ പീഠഭൂമിയിലെ ഉയർന്ന പ്രദേശങ്ങളിൽ നിന്നുമുൽഭവിക്കുന്ന നദികളാണ് ഉപദ്വീപീയ നദികൾ പൂർണമായും മഴയെ ആശ്രയിച്ച് ഒഴുകുന്ന ഈ നദികളിൽ വേനൽക്കാലത്തു വെള്ളം തീരെ കുറവാണ് .
- ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയ നദി ഗോദാവരിയാണ് .
- ഉപദ്വീപീയ നദികളിൽ വെള്ളച്ചാട്ടങ്ങൾ സാധാരണമാണ് .
- കർണാടകത്തിലെ ശരാവതി നദിയിലുള്ള ജോഗ് ഫാൾസ് ആണ് ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ വെള്ളച്ചാട്ടം .
- ഉപദ്വീപീയ നദികളെ കിഴക്കോട്ട് ഒഴുകുന്നവയെന്നും പടിഞ്ഞാറോട്ട് ഒഴുകുന്നവയെന്നും രണ്ടായി ത്തിരിക്കാം
- കിഴക്കോട്ടൊഴുകുന്നവ മഹാനദി , കൃഷ്ണ ,ഗോദാവരി ,കാവേരി
- പടിഞ്ഞാറോട്ടൊഴുകുന്നവ നർമ്മദ ,താപ്തി

## ഹിമാലയൻ നദികൾ-ഉപദ്വീപിയ നദികൾ താരതമ്യം

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയൻ പർവ്വതനിരകളിൽ നിന്നും ഉത്ഭവിക്കുന്നു<br>അതിവിസ്തൃതമായ വൃഷ്ടിപ്രദേശം<br>അതിശക്തമായ അപരദന തീവ്രത.<br>പർവത മേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു.<br>സമതലങ്ങളിൽ വളഞ്ഞുപുളഞ്ഞ് ഒഴുകുന്നു<br>ഉയർന്ന ജലസേചന ശേഷി.<br>ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യം. | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു<br>താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം<br>അപരദന തീവ്രത താരതമ്യേന കുറവ്<br>കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധമായ താഴ് വരകൾ സൃഷ്ടിക്കുന്നില്ല.<br>കുറഞ്ഞ ജലസേചന ശേഷി.<br>ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ്. |

## ഉപദ്വീപിയ പീഠഭൂമിയിലെ പ്രധാന തൊഴിൽ മേഖലകൾ

- കൃഷി, ഖനനം, ധാതു അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയവയാണ് ഉപദ്വീപിയ പീഠഭൂമിയിലെ പ്രധാന തൊഴിൽ മേഖലകൾ.
- പരുത്തി, പയറുവർഗ്ഗങ്ങൾ, നിലക്കടല, കരിമ്പ്, ചോളം, റാഗി, മുളക് എന്നിവയാണ് പ്രധാന കാർഷിക വിളകൾ.-
- ഇരുമ്പയിര്, കൽക്കരി, മാംഗനീസ്, ബോക്സൈറ്റ്, ചുണ്ണാമ്പുകല്ല് എന്നിവയാണ് പ്രധാന ധാതു വിഭവങ്ങൾ.

## തീരസമതലങ്ങൾ

- ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ തുടങ്ങി ഗംഗ ബ്രഹ്മപുത്ര ഡെൽറ്റ പ്രദേശം വരെ നീളുന്ന ഇന്ത്യയുടെ തീരസമതല പ്രദേശത്തിന് 6100 കിലോമീറ്റർ നീളമുണ്ട്.
- ഇതിനെ രണ്ടായിത്തിരിക്കാം
- പടിഞ്ഞാറൻ തീരസമതലം എന്നും,കിഴക്കൻ തീരസമതലം എന്നും.

## പടിഞ്ഞാറൻ തീരസമതലം

- അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ സ്ഥിതിചെയ്യുന്നു
- റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ നീളം
- താരതമ്യേന വീതി കുറവ്
- ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ മൂന്നായിത്തിരിക്കാം.
- കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.
- ഡെൽറ്റകൾ രൂപീകരിക്കുന്നുന്നില്ല.


## കിഴക്കൻ തീരസമതലം


- ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ സ്ഥിതിചെയ്യുന്നു
- സുന്ദര വനപ്രദേശം മുതൽ കന്യാകുമാരി വരെ നീളം.
- വീതി താരതമ്യേന കൂടുതൽ.
- കോറമാൻഡൽ തീരം, വടക്കൻ സർകാർസ് തീരം എന്നിങ്ങനെ രണ്ടായി ത്തിരിക്കാം.
- ഡെൽറ്റകൾ രൂപീകരിക്കുന്നു.
- കായലുകളും അഴിമുഖങ്ങളും കുറവാണ്.

## മാതൃകാ ചോദ്യങ്ങൾ

1. കാരക്കോറം നിരയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ?
(A മൗണ്ട് K 2 , B.മൗണ്ട് എവറസ്റ്റ് , B.മൗണ്ട് K 5 ) 1
2. താഴെ പറയുന്നവയിൽ കിഴക്കൻ മലനിരകളിൽ പെടാത്തത് ഏത് ?
(A. ഖാസി, B. പാഥ്കൈബും C. സത്പുര ) 1
3.ഗംഗയുടെ പോഷകനദി
(A തീസ്ത B ചിനാബ് C യമുന) 1
4.പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിയിൽ നിന്നും ഉൽഭവിക്കുന്ന നദി
(A മഹാനദി B നർമദ C കാവേരി ) 1
5. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക
A.കിഴക്കൻ തീരാ സമതലം ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനും ഇടയിലാണ്
B.സുന്ദരവണ പ്രദേശം മുതൽ കന്യാകുമാരി വരെയാണ് കിഴക്കൻ തീരാ സമതലം
C.അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിലാണ് കിഴക്കൻ തീരാ സമതലം 1
6. ഉത്തര പർവ്വത മേഖലയുടെ 3 പ്രാധാന്യം എഴുതുക 3

7. ഡക്കാൻ പീഠഭൂമിയുടെ സവിശേഷതകൾ എഴുതുക 4
8. തീരസമതലത്തിലെ ജീവിതത്തെക്കുറിച്ചു ലഘു കുറിപ്പ് തയ്യാറാക്കുക 4
9. ഹിമാലയൻ നദികളും ഉപദ്വീപീയ നദികളും താരതമ്യം ചെയ്യുക 6
10. തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക 4
a) ഖാസി കുന്ന് , b) താപ്തി നദി c) ആരവല്ലി d) ചോട്ടാ നാഗപ്പൂർ പീഠഭൂമി





| ഉത്തരപർവത മേഖല | | |
|---|---|---|
| ട്രാൻസ് ഹിമാലയം | ഹിമാലയം | കിഴക്കൻ മലനിരകൾ |




ആരവല്ലി പർവതനിര
വിന്ധ്യാ നിരകൾ
സത്പുര നിരകൾ
പശ്ചിമഘട്ടം
പൂർവഘട്ടം


കച്ച് ഉപദ്വീപ്
കത്തിയവാർ
മാൾവാ പീഠഭൂമി
ഛോട്ടാനാഗ്പൂർ പീഠഭൂമി
ഡക്കാൻ പീഠഭൂമി




# UNIT-3

## പൊതുഭരണം

### ഊന്നൽ മേഖലകൾ


- പൊതുഭരണം
- പൊതുഭരണത്തിന്റെ പ്രാധാന്യം
- ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ
- ഇന്ത്യൻ സിവിൽ സർവീസ്
- ഇ - ഗവേർണൻസ്

"പൊതുഭരണമെന്നാൽ ഗവൺമെൻറ് ഭരണത്തെ സംബന്ധിക്കുന്നതാണ് " എൻ .ഗ്ലാഡൻ

- രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ബൗദ്ധിക സാഹചര്യങ്ങളും മനുഷ്യ വിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്ന് പറയുന്നു
- ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്
- ഭരണരീതിക്കനുസരിച് പൊതുഭരണത്തിലും വ്യത്യാസങ്ങൾ കാണാം
- ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ താല്പര്യമാണ് പ്രധാനം
- ജനാധിപത്യ ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണ സംവിധാനത്തിലൂടെയാണ് രാജഭരണകാലത് രാജാവിന്റെ താല്പര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം

## പൊതുഭരണത്തിന്റെ പ്രാധാന്യം

- ഗവൺമെൻറ് സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ
- ഗവൺമെൻറ് നയങ്ങൾ രൂപപ്പെടുത്തുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു
- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജനക്ഷേമം ഉറപ്പാക്കാനുമാണ് പൊതുഭരണത്തിലൂടെ ഗവൺമെൻറ് ശ്രമിക്കുന്നത്




ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ സ്വാധീനിക്കുന്നുണ്ട് പ്രാദേശിക ഭരണസ്ഥാപനങ്ങൾ ഇതിന്റെ ഫലമാണ് .എല്ലാവരുടെയും താല്പര്യ സംരക്ഷണമാണ് പൊതുഭരണത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്

## ഉദ്യോഗസ്ഥവൃന്ദം

- ഗവൺമെന്റിനെ ഭരണ നിർവഹണത്തിൽ സഹായിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി രൂപം നൽകിയതാണ് ഉദ്യോഗസ്ഥവൃന്ദം
- പ്രാദേശികതലം മുതൽ കേന്ദ്രതലം വരെ വ്യാപിച്ച കിടക്കുന്ന ഒരു പൊതു ഭരണസംവിധാനം നമുക്കുണ്ട്
- ഈ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നു
- പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുന്നത് ഉദ്യോഗസ്ഥരാണ്
- ഗവെർന്മെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നത് ഉദ്യോഗസ്ഥരിലൂടെയാണ്
- രാജ്യത്തിൻറെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്ന് പറയുന്നു
- രാജ്യത്തിലെ ബൗദ്ധിക വിഭവങ്ങളും മനുഷ്യ വിഭവ ശേഷിയും പരമാവധി ഉപയോഗപ്പെടുത്തുമ്പോഴാണ് രാഷ്ട്രം ഉണ്ടാവുന്നത്

എല്ലാ ജനാധിപത്യരാജ്യങ്ങളിലും ഉദ്യോഗസ്ഥവൃന്ദത്തിനു മേൽപറഞ്ഞ സവിശേഷതകൾ ഉണ്ടായിരിക്കും ഭരണം സുഗമവും കാര്യക്ഷമവുമാക്കുന്നതിനു ഉദ്യോഗസ്ഥവൃന്ദം നേതൃപരമായ പങ്ക് വഹിക്കുന്നു ഗവൺമെൻറ് സർവീസിലേക്കുള്ള നിയമനത്തിന് വേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ വിവിധ മത്സരപരീക്ഷകൾ നടത്തുന്നു .മത്സരപരീക്ഷയുടെയോ ,അഭിമുഖത്തിന്റെയോ യോഗ്യതയുടെയോ അടിസ്ഥാനത്തിൽ ഏറ്റവും യോഗ്യരായവരെ തെരഞ്ഞെടുത്തു ഗവൺമെന്റ് ഓഫിസുകളിൽ നിയമിക്കുന്നു. ഇത്തരത്തിൽ നിയമിക്കപ്പെടുന്നവരെല്ലാം ഇന്ത്യൻ സിവിൽ സർവീസിന്റെ ഭാഗമാണ് കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവെർന്മെന്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഇന്ത്യൻ സിവിൽ സർവീസിന്റെ ഭാഗമാണ് .

## ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ

**ശ്രേണീപരമായ സംഘാടനം (Hierarchical Organization)**

ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്കു വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി. ഇത് ശ്രേണീപരമായ സംഘാടനം എന്നാണറിയപ്പെടുന്നത്.

**സ്ഥിരത (Permanence)**

ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലാവധി ഉണ്ടായിരിക്കും.

**യോഗ്യത അടിസ്ഥാനമാക്കി നിയമനം (Appointment on the basis of Qualification)**

വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.

**രാഷ്ട്രീയ നിഷ്പക്ഷത (Political Neutrality)**

ഏതു രാഷ്ട്രീയകക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല. അതായത് അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം.

**വൈദഗ്ധ്യം (Professionalism)**

ഓരോ ഗവൺമെന്റ് ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും.

## ഇന്ത്യൻ സിവിൽ സർവീസ്

| അഖിലേന്ത്യാസർവീസ് (All India Civil Service) | കേന്ദ്രസർവീസ് (Central Service) | സംസ്ഥാനസർവീസ് (State Service) |
|---|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.<br>ഉദാ:<br>• ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)<br>• ഇന്ത്യൻ പോലീസ് സർവീസ് (IPS) | • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ:<br>• ഇന്ത്യൻ ഫോറിൻ സർവീസ്<br>• ഇന്ത്യൻ റെയിൽവേ സർവീസ് | • സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ:<br>• സെയിൽസ് ടാക്സ് ഓഫീസർ. |

## ഭരണഘടനാ സ്ഥാപനങ്ങൾ

യു പി എസ് സി യും, പി.എസ് സി യും ഭരണഘടനാ സ്ഥാപനങ്ങളാണ്

## യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ

- കേന്ദ്രസർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു
- കമീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്
- യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്

## പബ്ലിക് സർവീസ് കമ്മീഷൻ

- സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു
- ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണർ ആണ്

## ഭരണനവീകരണം

ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതയായ ശ്രേണീപരമായ സംഘാടനം ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ കാലതാമസം സൃഷ്ടിക്കാറുണ്ട് . ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നല്കുന്നതിനുമായി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെയാണ് ഭരണനവീകരണം എന്ന് പറയുന്നത് .ഇതിനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഭരണ പരിഷ്കരണ കമ്മീഷനുകളെ നിയമിക്കുന്നു

### ഭരണനവീകരണം ലക്ഷ്യമാക്കി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ


### ഇ - ഗവേർണൻസ്

- ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണ രംഗത്തെ ഉപയോഗമാണ് ഇ – ഗവെർണൻസ്
- ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ വിവിധസ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ തുടങ്ങിയവ ഇ-ഗവേർണൻസിന് ഉദാഹരണങ്ങളാണ് .

### ഇ - ഗവേർണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ

- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം
- സേവനത്തിനായി സർക്കാർ ഓഫിസുകളിൽ കാത്തുനിൽക്കേണ്ടതില്ല
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
- ഓഫിസുകളുടെ കാര്യക്ഷമതയും ഗുണമേന്മയും വർധിക്കുന്നു
- കേരളത്തിൽ അക്ഷയ കേന്ദ്രങ്ങളിലൂടെ ഇ -ഗവെർണൻസ് സാധ്യമാക്കുന്നു

## പൊതുഭരണം



## മാതൃകാ ചോദ്യങ്ങൾ

(1)പൊതുഭരണം എന്നാൽ എന്ത് ?

(2)"പൊതുഭരണമെന്നാൽ ഗവൺമെൻറ് ഭരണത്തെ സംബന്ധിക്കുന്നതാണ് " ഈ പ്രസ്താവന ആരുടെതാണ്

(3)രാജഭരണകാലത്തെയും ജനാധിപത്യ വ്യവസ്ഥയിലെയും പൊതുഭരണത്തിലുള്ള വ്യത്യാസം എന്ത് ?

(4)ഗ്രാമസ്വരാജ് എന്ന സങ്കല്പത്തിന്റെ ഉപജ്ഞാതാവ് ആര് ?

(5)ഉദ്യോഗസ്ഥവൃന്ദം എന്നാലെന്ത് ?

(6)ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

(7)ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക ?

(8)യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ,പബ്ലിക് സർവീസ് കംമ്മീഷൻ എന്നിവയെ താരതമ്യം ചെയ്യുക ?

(9)ഭരണ നവീകരണം എന്നാൽ എന്ത് ?

(10)ഇ- ഗവേർണൻസ്_ എന്നാലെന്ത് ?

# SS II- CHAPTER 3

## മാനവശേഷി വികസനം ഇന്ത്യയിൽ

### പ്രധാന ആശയങ്ങൾ

- മാനവവിഭവം
- മാനവ വിഭവത്തിന്റെ പ്രാധാന്യം
- മാനവശേഷി വികസനം - വിവിധ തലങ്ങൾ - സവിശേഷതകൾ
- മാനവവിഭവം - ഗുണപരമായ സവിശേഷതകൾ
- വിദ്യാഭ്യാസവും വികസനവും
- വിദ്യാഭ്യാസവും നൈപുണ്യ വികസനവും
- ആരോഗ്യ പരിപാലനവും മാനവ വിഭവവും
- പ്രധാന സ്ഥാപനങ്ങളും സംവിധാനങ്ങളും

### മാനവ വിഭവം


- ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന അധ്വാന ശേഷിയുള്ള ജനങ്ങളാണ് മാനവ വിഭവം

### മാനവശേഷി വികസനം

- വിദ്യാഭ്യാസം ,ആരോഗ്യപരിപാലനം ,നൈപുണിവികസനം പരിശീലനം എന്നിവയിലൂടെ മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിക്കാം

### മാനവശേഷി വികസനം

- മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ .
- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കുന്നു .
- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം പരിശീലനം എന്നിവക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു .




<u>അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ</u>

- വിദ്യാഭ്യാസം
- ആരോഗ്യപരിപാലനം
- പരിശീലനങ്ങൾ
- സാമൂഹിക മൂലധനം

<u>മാനവശേഷി മെച്ചപ്പെടുത്തുന്നതിന്റെ പ്രയോജനങ്ങൾ</u>

- തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാം
- സാമ്പത്തിക അന്തരം കുറക്കാം
- പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
- മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ ഉപയോഗം സാധ്യമാക്കാം
- സംരംഭകത്വം മെച്ചപ്പെടുത്താം

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി<br>ICDS | • 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്ര വികസനം<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം |
| സമഗ്രശിക്ഷാ അഭിയാൻ<br>SSA | • സാർവ്വത്രിക വിദ്യാഭ്യാസംഹയർ സെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>• തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക.<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക.<br>• SCERT/DIET തുടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ<br>RUSA | • ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| 'നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം (National Skill development and Monitory reward Scheme) | • യുവജനങ്ങളുടെ തൊഴിൽ നൈപുണ്യ മെച്ചപ്പെടുത്തുക.<br>• തൊഴിൽവൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക. |

## വിദ്യാഭ്യാസം രാജ്യവികസനത്തിനും

- വിദ്യാഭ്യാസത്തിലൂടെ വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു
- സാങ്കേതികവിദ്യ ഉപയോഗിക്കുവാനുള്ള കഴിവ് ലഭിക്കുന്നു
- മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു
- ജീവിത നിലവാരം ഉയരുന്നു
- സാമൂഹ്യക്ഷേമം ഉറപ്പാക്കാം

## ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നു .
- വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ് .
- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

## വിദ്യാഭ്യാസ അവകാശനിയമം (RTE Act 2009)

- പാസ്സാക്കിയവർഷം -2009
- ലക്ഷ്യം - എല്ലാവർക്കും പ്രാഥമികവിദ്യാഭ്യാസം
- വിദ്യാഭ്യാസം മൗലികാവകാശമാക്കി

## ഇന്ത്യ - സാക്ഷരതാ നിരക്ക്

| | |
|---|---|
| സ്ത്രീകൾ | 65.46 |
| പുരുഷന്മാർ | 82.14 |
| ആകെ | 74.14 |

ആരോഗ്യം

ശാരീരികമായും മാനസികമായും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം

ലോകാരോഗ്യസംഘടനയുടെ(**WHO**) നിർവചനം

## മികച്ച ആരോഗ്യം ഒരു വ്യക്തിക്ക് രാജ്യപുരോഗതിയിൽ പങ്കാളിയാവാൻ സഹായിക്കുന്നു

- തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം കാര്യക്ഷമതയും വർദ്ധിക്കുന്നതിനാൽ ഉൽപ്പാദനം കൂടും
- പ്രകൃതിവിഭവങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കാനാവും
- ചികിത്സാച്ചെലവുകൾ കുറക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറക്കാനും കഴിയും
- ഉൽപ്പാദന വർദ്ധനവിലൂടെ സാമ്പത്തികവികസനം സാധ്യമാവും

## ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത
- രോഗപ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം
- ചികിത്സാ സൗകര്യങ്ങൾ

- വിശ്രമവും വിനോദവും ഉറപ്പുവരുത്തൽ
- ആരോഗ്യകരമായ പരിസ്ഥിതി

**ചികിത്സാ രംഗത്ത് വിവിധ തലങ്ങളിലായി സർക്കാർ ഒരുക്കിയ സ്ഥാപനങ്ങൾ**

- മെഡിക്കൽ കോളേജുകൾ
- ജില്ലാ ആശുപത്രികൾ
- സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ
- ആരോഗ്യ ഉപകേന്ദ്രങ്ങൾ

**NRHM – NUHM**

- ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനാണ് ഇവ രണ്ടും പ്രവർത്തിക്കുന്നത്
- ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM)ഗ്രാമീണ മേഖലയിലും ദേശീയ നഗരാരോഗ്യ മിഷൻ (NUHM) 50000 ത്തിലധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി പ്രവർത്തിക്കുന്നു

<u>ആയുർദൈർഘ്യം</u>

- ഒരു വ്യക്തി ശരാശരി എത്ര വയസ്സുവരെ ജീവിക്കുന്നു എന്നതാണ് ആയുർദൈർഘ്യം


ഇന്ത്യയിൽ ആരോഗ്യമേഖലയിൽ നിലവിലുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങൾ

- അലോപ്പതി
- ആയുർവ്വേദം
- യോഗ
- നേച്ചറോപ്പതി
- യുനാനി
- സിദ്ധ
- ഹോമിയോപ്പതി

<u>മാതൃകാ ചോദ്യങ്ങൾ</u>

1. എന്താണ് മാനവവിഭവം ?
2. എങ്ങനെയാണ് മാനവശേഷി വികസിപ്പിക്കുക ?
3. മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏവ ?

(4)




4. അധ്വാനശേഷി മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം ?
5. മാനവശേഷി മെച്ചപ്പെടുത്തുന്നതിലൂടെ സാമൂഹ്യക്ഷേമം ഉറപ്പാക്കാൻ കഴിയും .മാനവശേഷി മെച്ചപ്പെടുത്തുന്നതിന്റെ മറ്റു പ്രയോജനങ്ങൾ എഴുതുക ?
6. വിദ്യാഭ്യാസവും നൈപുണ്യവും മെച്ചപ്പെടുത്തുവാനുള്ള വിവിധ പദ്ധതികൾ ചുവടെ നൽകുന്നു അവ ഓരോന്നിന്റെയും ലക്ഷ്യങ്ങൾ എഴുതുക ?

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| ICDS | |
| SSA | |
| RUSA | |
| നാഷണൽ സ്കിൽ ഡെവലപ്മെന്റ് ആന്റ് മോണിറ്ററിങ് റിവാർഡ് സ്കീം | |

7. രാജ്യത്തിൻറെ വികസനത്തിന് വിദ്യാഭ്യാസം സഹായകമാകുന്നതെങ്ങനെ ?
8. ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെ ?
9. ഏത് നിയമത്തിലൂടെയാണ് എല്ലാവര്ക്കും പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം ഭരണഘടന ഉറപ്പ നൽകുന്നത് ?
10. ആരോഗ്യത്തിന് ലോകാരോഗ്യ സംഘടനാ നൽകിയ നിർവ്വചനം എന്താണ് ?
11. മികച്ച ആരോഗ്യം ഒരു വ്യക്തിയെ രാജ്യപുരോഗതിയിൽ പങ്കാളിയാവാൻ സഹായിക്കുന്നു വ്യക്തമാക്കുക ?
12. ആരോഗ്യ പരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ പട്ടികപ്പെടുത്തുക ?
13. ചികിത്സാരംഗത്ത് വിവിധ തലങ്ങളിലായി സർക്കാർ ഒരുക്കിയ സ്ഥാപനങ്ങൾ ഏവ ?
14. NRHM ,NUHM ഇവ എന്തെന്ന് വ്യക്തമാക്കുക ?
15. എന്താണ് ആയുർദൈർഘ്യം ?
16. വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും മാനവ വിഭവ ശേഷിയെ വികസിപ്പിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക ?